# XVII ജില്ലാ സാക്ഷരതാമിഷൻ

| | | |
|---|---|---|
| മേൽ വിലാസം | : | ജില്ലാ പഞ്ചായത്ത് ഭവൻ<br>വിദ്യാനഗർ (പി.ഒ.) 671123 |
| ഇ മെയിൽ | : | ksrd.literacy@gmail.com |
| പ്രവർത്തന സമയം | : | 10 am - 5 pm |
| ഫോൺ നമ്പർ | : | 04994 255507 |
| ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ (മേൽ വിവരങ്ങൾ ചേർക്കണം) | : | വികസന വിദ്യാകേന്ദ്രങ്ങൾ<br>വിദ്യാകേന്ദ്രങ്ങൾ |
| നടത്തിയ പ്രധാന പ്രവർത്തനങ്ങൾ | : | സാക്ഷരത<br>നാലാംതരം തുല്യത, ഏഴാം തരം തുല്യത<br>പത്താംതരം തുല്യത, ഹയർസെക്കണ്ടറി തുല്യത<br>ഭാഷാകോഴ്സുകൾ |

**പൗരാവകാശ രേഖ പ്രകാരം നൽകേണ്ട സേവനങ്ങൾ**

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി |
|---|---|---|---|
| 1 | സാക്ഷരതാ പഠനം | നിരക്ഷരനായിരിക്കണം | സംസ്ഥാന സാക്ഷരതാമിഷൻ നിർദ്ദേശിക്കുന്ന സമയ പരിധി |
| 2 | നാലാംതരം തുല്യത | ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സാക്ഷരതാ സർട്ടിഫിക്കറ്റ് വേണം | |
| 3 | ഏഴാംതരം തുല്യത | നാലാംതരം പാസായിരിക്കണം | |
| 4 | പത്താംതരം തുല്യത | ഏഴാംതരം പാസായിരിക്കണം<br>17 വയസ് പൂർത്തിയായിരിക്കണം | |
| 5 | ഹയർസെക്കണ്ടറി തുല്യത | പത്താംതരം പാസായിരിക്കണം<br>22 വയസ്സ് പൂർത്തിയായിരിക്കണം | |
| 6 | ഭാഷാ കോഴ്സുകൾ<br>പച്ച മലയാളം / ഗുഡ് ഇംഗ്ലീഷ് / അച്ഛി ഹിന്ദി | 17 വയസ് പൂർത്തിയായിരിക്കണം. എട്ടാംതരം ജയിച്ചിരിക്കണം<br>നിലവിൽ 8-ാം ക്ലാസ് മുതൽ ഹയർസെക്കണ്ടറി വരെ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും കോഴ്സിൽ ചേരാവുന്നതാണ്. (ഇവർക്ക് പ്രായപരിധി ഇല്ല) | |

## XVIII ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് (ജി.ഐ.എഫ്.ഡി)

**മേൽ വിലാസം** : ഗവ. ടെക്നിക്കൽ ഹൈസ്കൂൾ, മൊഗ്രാൽപുത്തൂർ, ബെദ്രഡുക്ക പി.ഒ., കാസറഗോഡ്.

**ഇ മെയിൽ** : thsmogralputhur@gmail.com

**ഫോൺ നമ്പർ** : 04994 232969

പ്രവർത്തന സമയം: 9 am – 4.30 pm

പൗരാവകാശ രേഖ പ്രകാരം നൽകേണ്ട സേവനങ്ങൾ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി (അപേക്ഷ കിട്ടിയതിന് ശേഷമുള്ള സമയം/ദിവസം) |
|---|---|---|---|
| 1 | ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി (FDGT) | SSLC പാസായിരിക്കണം, പ്രായ പരിധിയില്ല, ലിംഗഭേദമില്ല | 2 വർഷം |

# XIX ജില്ലാ പട്ടികജാതി വികസന ഓഫീസ്

മേൽവിലാസം : എഫ് ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, കാസറഗോഡ്

ഇ മെയിൽ : ddoscksd14@gmail.com

ഫോൺ നമ്പർ : 04994 256162

പ്രവർത്തന സമയം : 10 am– 5 pm

ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ :

1. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്,കാസറഗോഡ്
2. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്,കാഞ്ഞങ്ങാട്
3. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, മഞ്ചേശ്വരം
4. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, കാറഡുക്ക
5. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, പരപ്പ
6. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, നീലേശ്വരം
7. ജി.എം.ആർ.എസ്.വെള്ളച്ചാൽ
8. വിദ്യാനഗർ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺ)
9. മഞ്ചേശ്വരം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ആൺ)
10. കാസറഗോഡ് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ആൺ)
11. അണങ്കൂർ പ്രീമെട്രിക് ഹോസ്റ്റൽ (പെൺ)
12. ചെമ്മട്ടംവയൽ പ്രീമെട്രിക് ഹോസ്റ്റൽ (പെൺ)
13. വിദ്യാനഗർ പ്രീമെട്രിക് ഹോസ്റ്റൽ (ആൺ)
14. രാജപുരം പ്രീമെട്രിക് ഹോസ്റ്റൽ (ആൺ)
15. ബങ്കളം പ്രീമെട്രിക് ഹോസ്റ്റൽ (ആൺ)
16. ദേലമ്പാടി പ്രീമെട്രിക് ഹോസ്റ്റൽ (ആൺ)
17. ബദിയടുക്ക പ്രീമെട്രിക് ഹോസ്റ്റൽ (ആൺ)
18. കാറഡുക്ക പ്രീമെട്രിക് ഹോസ്റ്റൽ (ആൺ)
19. ഗവ. ഐടിഐ നീലേശ്വരം
20. ഗവ. ഐടിഐ ചെറുവത്തൂർ
21. ഗവ. ഐടിഐ ബേള

ഈ ഓഫീസ് മുഖേന നൽകിവരുന്ന ആനുകൂല്യങ്ങളും അവയ്ക്കൊപ്പം സമർപ്പിക്കേണ്ട രേഖകളും

| ആനുകൂല്യം | അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ |
|---|---|
| പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് | ജാതി സർട്ടിഫിക്കറ്റ്<br>വരുമാന സർട്ടിഫിക്കറ്റ്<br>ബാങ്ക് അക്കൗണ്ട്<br>ആധാർ<br>പഞ്ചായത്തിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം<br>ഇഗ്രാന്റ്സ് പോർട്ടൽ മുഖേന |

| | |
|---|---|
| മെഡിക്കൽ എഞ്ചിനീറിംഗ് പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം (വിഷൻ 2013) | ജാതി സർട്ടിഫിക്കറ്റ്<br>വരുമാന സർട്ടിഫിക്കറ്റ്<br>ആധാർ<br>കോഴ്സ് സർട്ടിഫിക്കറ്റ്<br>ബാങ്ക് അക്കൌണ്ട്<br>പരിശീലനസ്ഥാപനത്തിൽ നിന്നുള്ള അറ്റന്റൻസ് വിവരം |
| എഞ്ചിനീറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക്പ്രഥമിക ചെലവിന് ഗ്രാന്റ് | ജാതി സർട്ടിഫിക്കറ്റ്<br>വരുമാന സർട്ടിഫിക്കറ്റ്<br>ആധാർ<br>മാർക്ക് ലിസ്റ്റ്<br>ബാങ്ക് അക്കൌണ്ട്<br>പഞ്ചായത്തിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |
| സ്റ്റെതസ്കോപ്പ് വിതരണം | ആധാർ<br>ജാതി സർട്ടിഫിക്കറ്റ്<br>വരുമാന സർട്ടിഫിക്കറ്റ്<br>ബിൽ |
| പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം | ആധാർ<br>ജാതി സർട്ടിഫിക്കറ്റ്<br>വരുമാന സർട്ടിഫിക്കറ്റ്<br>ബിൽ |
| പഠനയാത്രാ പര്യടന പരിപാടി | കോഴ്സ് സർട്ടിഫിക്കറ്റ്<br>ജാതി സർട്ടിഫിക്കറ്റ്<br>വരുമാന സർട്ടിഫിക്കറ്റ്<br>ആധാർ<br>യാത്ര ചെയ്ത ചെലവ് വിവരങ്ങൾ |
| അഭിഭാഷകർക്ക് ധനസഹായം | ജാതി സർട്ടിഫിക്കറ്റ്,<br>LLB സർട്ടിഫിക്കറ്റ് ,<br>ബാർകൌൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം,<br>സീനിയർ അഭിഭാഷകന്റെ സാക്ഷ്യപത്രം |

# XX വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടരുടെ കാര്യാലയം കാസറഗോഡ്

മേൽവിലാസം : സിവിൽസ്റ്റേഷൻ, വിദ്യാനഗർ പി.ഒ., കാസറഗോഡ്

ഇ മെയിൽ : ddekgd.dge@kerala.gov.in

ഫോൺ നമ്പർ : 04994 255033

പ്രവർത്തന സമയം : 10.00 am - 5.00 pm

നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ :

## ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

1. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാസറഗോഡ്
2. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാഞ്ഞങ്ങാട്
3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മഞ്ചേശ്വരം
4. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുമ്പള
5. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാസറഗോഡ്
6. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബേക്കൽ
7. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഹോസ്ദുർഗ്
8. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെറുവത്തൂർ
9. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചിറ്റാരിക്കൽ

## വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ

1. സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണ പരിപാടി
2. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള വിവിധയിനം സ്കോളർഷിപ്പുകൾ നൽകുന്നതിനുള്ള ഫണ്ട് വിതരണം
3. വിദ്യാർത്ഥികൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം അനുവദിക്കൽ.
4. ഡി.എൽ.എഡ് കോഴ്സ് പ്രവേശനം സംബന്ധിച്ച നടപടികൾ
5. ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷ അയക്കൽ
6. അനധ്യാപക/അധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തൽ, പ്രൊമോഷൻ നടത്തൽ
7. സർക്കാർ സ്കൂൾ ജീവനക്കാരുടെ സ്ഥലം മാറ്റം നടത്തൽ
8. അധ്യാപക പരിശീലനം
9. സീനിയോറിറ്റി സംബന്ധിച്ച പരാതികൾ
10. ജില്ലാ തല മേളകളുടെ സംഘാടനം
11. സർക്കാർ വിദ്യാലയങ്ങൾക്ക് ആവശ്യമായ ലാബ് ലൈബ്രറി, ഫർണിച്ചർ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

12. അധ്യാപകർക്കുള്ള ദേശീയ / സംസ്ഥാനതല അവാർഡുകൾക്കുള്ള ശുപാർശ
13. നിയമനം , തസ്തിക നിർണ്ണയം സംബന്ധിച്ച അപ്പീലുകളിൽ തീരുമാനം
14. ജീവനക്കാർക്ക് എതിരെയുള്ള പരാതികളിന്മേൽ തീർപ്പുകൽപ്പിക്കൽ
15. സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണിക്കുള്ള ഫണ്ട് അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയക്കൽ.
16. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യത്തിനുള്ള അപേക്ഷ
17. കൺവെയൻസ് അലവൻസ്
18. അനധ്യാപക/അധ്യാപകരുടെ പ്രൊബേഷൻ
19. ഗസറ്റഡ് ഓഫീസർമാരുടെ ഗ്രേഡ് അനുവദിക്കുന്നനുള്ള അപേക്ഷ.
20. പാസ്പോർട്ടിനുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ
21. ഗവണമെന്റ് സ്കൂളുകളിലെയും മറ്റ് ഓഫീസുകളിലെയും അധ്യാപക- അനധ്യാപകരുടെ പി.എഫ് വായ്പ.
22. ജീവനക്കാരുടെ ഭവന വായ്പ
23. സബ് ഓഫീസുകളിലായി വിവിധ പദ്ധതി പണം വിതരണം
24. മാനേജരുടെ നിയമന അംഗീകാരം
25. മാനേജ്മെന്റ് കൈമാറ്റ അംഗീകാരം
26. എയ്ഡഡ് സ്കൂൾ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി
27. സ്കൂൾ അംഗീകാരത്തിനായുള്ള അപേക്ഷ അയക്കൽ
28. സബ് ഓഫീസുകളുടെ ഓഡിറ്റ് ബാധ്യതാ / ബാധ്യതാ രഹിത പത്രം
29. എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ പി.എഫിൽ ചേരുന്നതിനുള്ള അപേക്ഷ
30. എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ പി.എഫ് അക്കൗണ്ട് എൻ.ആർ.എ അപേക്ഷ സമർപ്പിക്കൽ
31. എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ പി.എഫ് അക്കൗണ്ട് ട്രാൻസ്ഫറിങ്ങ് അപേക്ഷ സമർപ്പിക്കൽ
32. എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ പി.എഫ് അക്കൗണ്ട് ട്രാൻസ്ഫറിങ്ങ് അപേക്ഷ സമർപ്പിക്കൽ
33. പാഠപുസ്തകം, യൂണിഫോം വിതരണം എന്നിവയുടെ ഏകോപനം
34. സർക്കാർ ഹൈസ്കൂളുകൾ വിദ്യാഭ്യാസ ഓഫീസുകൾ എന്നിവിടങ്ങളിലെ കണക്ക് പരിശോധന

# XXI ജില്ലാ ശുചിത്വ മിഷൻ

മേൽ വിലാസം : അനക്സ് ബിൽഡിംഗ് (കാസറഗോഡ് ജില്ലാ പഞ്ചായത്ത്), സിവിൽ സ്റ്റേഷൻ, കാസറഗോഡ്

ഇ- മെയിൽ : tsckasaragod@gmail.com

ഫോൺ നമ്പർ : 04994 – 255350

പ്രവർത്തന സമയം : 10 AM – 5 PM

ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ: മറ്റ് സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

## ശുചിത്വ മിഷൻ നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ

സുരക്ഷിത മനുഷ്യ വിസർജ്ജ്യ നിർമ്മാർജ്ജനം, ഖര ദ്രവ മാലിന്യ പരിപാലനം, കുടിവെള്ള ശുചിത്വം, വ്യക്തിഗത സാമൂഹ്യ സ്ഥാപന ശുചിത്വം, പരിസര ശുചിത്വം എന്നിവ സാധ്യമാക്കി മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനാണ് ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഇതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് മിഷൻ നടപ്പാക്കി വരുന്നത്.

1. ശുചിത്വ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക പിന്തുണ വിദഗ്ധ ഉപദേശം, വിലയിരുത്തൽ, പഠനം, റിപ്പോർട്ടിംഗ്.
2. ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ പരിഗണിച്ച് സാങ്കേതിക അംഗീകാരം നൽകുക.
3. നഗര ഗ്രാമ പ്രദേശങ്ങളിലെ ശുചിത്വ പ്രോജക്ടുകൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും മാനദണ്ഡങ്ങൾക്കനുസൃതമായി സാമ്പത്തിക വിഹിതം നൽകൽ
4. ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളും വകുപ്പുകളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിക്കൽ.
5. വിപുലമായ വിവര വിദ്യാഭ്യാസ ആശയ വിനിമയ പ്രവർത്തനങ്ങളിലൂടെ ശുചിത്വ ബോധം സൃഷ്ടിച്ചു കൊണ്ട് ആരോഗ്യകരമായി പരിസരം വീടുകളിലും തൊഴിലിടങ്ങളിലും പൊതുയിടങ്ങളിലും ഉറപ്പു വരുത്തി ജില്ലയുടെ പരിസ്ഥിതി മെച്ചപ്പെടുത്തുക.

മാലിന്യ സംസ്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കുവാൻ കഴിയുന്നതും വിവിധ സ്കീമുകളുടെ ഭാഗമായി ശുചിത്വ മിഷനിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതുമായ പ്രവർത്തനങ്ങൾ

1. ഹരിതകർമ്മസേന രൂപീകരണം
2. മെറ്റീരിയൽ കലക്ഷൻ കേന്ദ്രങ്ങൾ (MCF)
3. റിസോഴ്സ് റിക്കവറി കേന്ദ്രങ്ങൾ (RRF)
4. കമ്പോസ്റ്റ് സംവിധാനം/ മലിനജല പരിപാലനത്തിന് സോക്ക്പിറ്റ്
5. ഉറവിട ജൈവ മാലിന്യ സംസ്കരണ ഉപാധികൾ

6. സാമൂഹികതല, സ്ഥാപനതല ജൈവ മാലിന്യ സംസ്കരണ ഉപാധികൾ
7. എയ്റോബിക് കമ്പോസ്റ്റ് പ്ലാന്റ്
8. പരമ്പരാഗത മാലിന്യക്കൂനകളുടെ നീക്കം ചെയ്യൽ
9. യന്ത്രവൽകൃത ശുചീകരണ വാഹനം
10. നഗരപ്രദേശങ്ങളിൽ മാലിന്യത്തെ ഇന്ധനമാക്കി മാറ്റുന്ന തരത്തിലുള്ള ആധുനിക ബയോഗ്യാസ് പ്ലാന്റുകൾ
11. കക്കൂസ് മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള മലിനജല സംസ്കരണം

## സ്വച്ഛ് ഭാരത് മിഷൻ – ഗ്രാമീൺ – (രണ്ടാംഘട്ടം)

1. വ്യക്തിഗത ശൌചാലയ നിർമ്മാണം

   പുതിയതായി നിർമ്മിക്കുന്ന വീടുകൾക്ക് മാത്രം, അർഹതയുള്ളവർ ബിപിഎൽ കുടുംബങ്ങൾ, എസ്.സി, എസ്. ടി കുടുംബങ്ങൾ, ചെറുകിട നാമമാത്ര കർഷകർ, സ്ത്രീകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾ- Subsidy 15400/-, 12,000 SBM (G) 3400 തനതുഭവ

2. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ

   ഓരോ വില്ലേജിലും ഒരു കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് ഉണ്ടായിരിക്കണം. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേക കമ്പാർട്ട്മെന്റുകൾ നിർമ്മിക്കണം. ഒരു യൂണിറ്റിന് 3 ലക്ഷം രൂപ. എസ്.ബി.എം (ജി) 2.10 – 70 %, 30 % 15-ാം ധനകാര്യ കമ്മീഷൻ – 0.90 ലക്ഷം, പൊതു സ്വകാര്യ പങ്കാളിത്തം സിഎസ്ആർ ഫണ്ട് എന്നിവ ഇതിലേക്ക് സ്വീകരിക്കാവുന്നതാണ്.

3. ഖരമാലിന്യ സംസ്കരണ പദ്ധതികൾ
   - സാമൂഹിക തല കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ
   - ഗോബർധൻ
   - പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ്
   - ഖരമാലിന്യ സംസ്കരണത്തിനായി വാഹനം
4. മലിനജലം സംസ്കരണം
   a. ദ്രവമാലിന്യ പ്ലാന്റുകൾ
   b. വിവര വിജ്ഞാന ആശയ വിനിമയ പ്രവർത്തനങ്ങൾ

നാം ആർജ്ജിച്ച ഒഡിഎഫ് സ്റ്റാറ്റസ് നിലനിർത്തുന്നതിനും പരിസരത്തെ വൃത്തിയായി സൂക്ഷിക്കുന്നതിനും ഓരോ വ്യക്തിയിലും വൃത്തിയുടെ ശീലങ്ങൾ ജീവിതത്തിലുടനീളം തുടരേണ്ടതുണ്ട്. ഇതിനായി വിവിധ മാധ്യമങ്ങളിലൂടെ എല്ലാ വിഭാഗത്തിനും അനുയോജ്യമായ ഐഇസി നൽകേണ്ടതുണ്ട്.

## എസ്.ബി.എം ഒറ്റനോട്ടത്തിൽ

| ക്രമ നം | ഘടകങ്ങൾ | വകയിരുത്താവുന്ന തുക | | | റിമാർക്സ് |
|---|---|---|---|---|---|
| | | എസ്ബിഎം | 15-ാം | ആകെ | |

| | | | | | |
|---|---|---|---|---|---|
| | | | ധനകാര്യ കമ്മീഷൻ ഗ്രാന്റ്/പ്ലാൻ ഫണ്ട് | | |
| 1 | വ്യക്തിഗത കക്കൂസ് | 12000 | 3400 | 15400 | ഒരു യൂണിറ്റിന് |
| 2 | കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് | 210000 | 90000 | 300000 | ഒരു യൂണിറ്റിന് |
| 3 | ഖരമാലിന്യ സംസ്കരണ പദ്ധതികൾ കമ്പോസ്റ്റ് സംവിധാനം ട്രൈസൈക്കിൾ/ബാറ്ററി വാഹനം, പ്ലാസ്റ്റിക് ശേഖരണ യൂണിറ്റ്) ജനസംഖ്യ ≤ 5000 ജനസംഖ്യ > 5000 | Rs. 42 (5000 ൽ താഴെ ജനസംഖ്യയുള്ള വില്ലേജുകൾ) Rs. 31.50 (5000 ന് മുകളിൽ ജനസംഖ്യയുള്ള വില്ലേജുകൾ) | Rs. 18 (5000 ൽ താഴെ ജനസംഖ്യയുള്ള വില്ലേജുകൾ) Rs. 13.50 (5000 ന് മുകളിൽ ജനസംഖ്യയുള്ള വില്ലേജുകൾ) | Rs. 60<br>Rs. 45 | |
| 4 | സോക്കേജ് പിറ്റ് സംവിധാനം | | | | MGNREGS മുഖേന |
| 5 | ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ | Rs. 462 (5000 ന് മുകളിൽ ജനസംഖ്യയുള്ള വില്ലേജുകൾ)<br>Rs. 196 (5000 ൽ താഴെ ജനസംഖ്യയുള്ള വില്ലേജുകൾ) | Rs. 198 (5000 ന് മുകളിൽ ജനസംഖ്യയുള്ള വില്ലേജുകൾ) Rs. 84 (5000 ൽ താഴെ ജനസംഖ്യയുള്ള വില്ലേജുകൾ) | Rs. 660<br>Rs. 280 | വ്യക്തിക്ക് എന്ന നിരക്കിൽ |
| 6 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് (ബ്ലോക്ക്തലം) | 16,00,000 | | | ഒരു യൂണിറ്റിന് |

| | | | | | |
|---|---|---|---|---|---|
| 7 | ഫീക്കൽ സ്ളഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് (ജില്ലാതലം) | | | | ഒരു ജില്ലയ്ക്ക് |
| 8 | ഗോബർധൻ (ജില്ലാതലം) | Rs. 230 | | Rs. 230 | ഒരു വ്യക്തിക്ക് എന്ന നിരക്കിൽ |
| 9 | ഐ.ഇ.സി & ശേഷി വികസനം | 3% | | | |
| 10 | ഭരണ ചെലവ് | 1% | | | |

## എസ് ബി എം (അർബൻ)

നഗരസഭകളിൽ ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ ലക്ഷ്യമിട്ട 02.10.2014 മുതൽ രാജ്യത്തെ എല്ലാ നഗര പ്രദേശങ്ങളിലും നിലവിൽ വന്ന പദ്ധതിയാണ്. താഴെപ്പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

1. വ്യക്തിഗത ഗാർഹിക ശൌചാലയം
2. സാമൂഹിക ശൌചാലയ സമുച്ചയം
3. പൊതു ശൌചാലയവും, യൂറിനലുകളും
4. ഖരമാലിന്യ സംസ്കരണം
5. വിവര വിജ്ഞാന വ്യാപനവും ബോധവൽക്കരണവും
6. ശേഷി വികസനവും ഭരണ ചെലവുകളും

   IHHL Unit - 15400 (4000 Centre, 2667 States, 8733 നഗരസഭ)

   Public Toilet One Seat = 1,50,000, ( 75,000 Centre, 49500 State, 25,500 നഗരസഭ)

ഇത് കൂടാതെ ശുചിത്വ കേരളം (സംസ്ഥാന പ്ലാൻ) ഗ്രീൻ പ്രോട്ടോകോൾ കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റ് സാനിട്ടേഷൻ, സ്വാപ്പ്ഷോപ്പുകൾ, പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ, 2016/പ്ലാസ്റ്റിക് മാലിന്യ പിരപാലന (ഭേദഗതി) ചട്ടങ്ങൾ 2018, ഏകോപയോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധനം, ഖരമാലിന്യ പരിപാലന ചട്ടം 2016 എന്നിവയുടെ നടപ്പാക്കൽ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കൂടി ഫണ്ടുകൾ നൽകി വരുന്നു.

# XXII ജില്ലാ മൃഗസംരക്ഷണ ഓഫീസ്

മേൽ വിലാസം : സിവിൽ സ്റ്റേഷൻ, കളക്ട്രേറ്റ്, വിദ്യാനഗർ

(പി.ഒ) കാസറഗോഡ്.

ഇ മെയിൽ : dahoksgd.ker.nic.in

ഫോൺ നമ്പർ : 04994 255483

പ്രവർത്തന സമയം : രാവിലെ 10 മണി മുതൽ 5 മണി വരെ

## ജില്ലാ മൃഗസംരക്ഷണ ഓഫീസിന്റെ ദൗത്യം

1. മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക.
2. ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പടെ മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക.
3. ജില്ലയിലെ വിവിധ മൃഗസംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.
4. ജില്ലയിലെ വിവധ മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ സാങ്കേതികവും ഭരണപരവുമായ മേൽനോട്ടം നിർവ്വഹിക്കുക.

## കടമ

1. മേൽ വിവരിക്കുന്ന ദൗത്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പരിഹരിക്കുക.
2. ഈ സ്ഥാപനത്തിൻ കീഴിൽ വരുന്ന ജില്ലയിലെ ഉപസ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
3. ഈ സ്ഥാപനം നേതൃത്വം നൽകുന്ന പദ്ധതികളെ സംബന്ധിച്ച് കർമ്മപദ്ധതി ലക്ഷ്യങ്ങൾ എന്നിവ തയ്യാറാകി നടപ്പിലാക്കുകയും അവയുടെ പ്രവർത്തന പുരോഗതി പ്രതിമാസം വിലയിരുത്തുകയും ചെയ്യുക.
4. ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുക.
5. ഈ സ്ഥാപനത്തിലെയോ ഉപസ്ഥാപനത്തിലെയോ ജീവനക്കാരെ സംബന്ധിച്ചോ സ്ഥാപത്തിന്റെ പ്രവർത്തകനെ സംബന്ധിച്ചോ ലഭിക്കുന്ന പൊതുജന പരാതികളിൽ ഒരു മാസത്തിനകം നടപടി പൂർത്തിയാക്കുകയും ആയതിനു സാധ്യാമാകാത്തപക്ഷം കാര്യകാരണം സഹിതം പരാതികാരനെ അറിയിക്കുകയും ചെയ്യുക.

## ജില്ലാ വെറ്ററിനറി കേന്ദ്രം

**പ്രവർത്തനം സമയം :** സാധാരണ ദിവസം - രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ രണ്ട് ഷിഫ്റ്റായി പ്രവർത്തിക്കുന്നു.

ഞായറാഴ്ച - രാവിലെ 9 മണി മുതൽ 12 മണി വരെ മറ്റ് പൊതു അവധികളിൽ രാവിലെ 9 മണി മുതൽ 1 മണി വരെ.

## ദൗത്യം

1. വെറ്ററിനറി സേവനം രംഗത്ത് ജില്ലാതല റഫറൽ കേന്ദ്രമായി പ്രവർത്തിക്കുക.
2. സ്ഥാപനത്തിന്റെ അധികാര പരിധിയിലുള്ള പ്രദേശത്തെ പക്ഷിമൃഗാദികളുടെ ചികിത്സയും രോഗ പ്രതിരോധ നടപടികളും നിർവ്വഹിക്കുക.
3. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ സമയബന്ധിതമായി നടപ്പിലാക്കുക.
4. ഈ സ്ഥാപനത്തിന്റെ അധികാര പരിധിയിലുള്ള പ്രദേശത്തെ പക്ഷിമൃഗാദികളുടെ ആരോഗ്യപ്രവർത്തനങ്ങൾ നടത്തുക.
5. കന്നുകാലികൾക്കുള്ള പ്രജനന സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.
6. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുക.
7. ജില്ലയിലെ മൃഗചികിത്സ കേന്ദ്രങ്ങൾക്ക് ആവശ്യമായ മരുന്നുകൾ, വാക്സിനുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ യഥാസമയം വിതരണം ചെയ്യുക.

## കടമ

1. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി  പക്ഷിമൃഗാദികളുടെ ചികിത്സ ഏറ്റെടുക്കുക.
2. സ്ഥാപനത്തിന്റെ അധികാര പരിധിയിൽ വരുന്ന മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.
3. ജില്ലയിൽ പകർച്ചവ്യാധികൾക്കെതിരെ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
4. സർക്കാർ നിബന്ധകൾക്ക് വിധേയമായി കന്നുകാലികൾക്ക് രോഗപ്രതിരോധ കത്തിവവെപ്പുകൾ കാര്യക്ഷമമായി നടപ്പിലാക്കുക.
5. പശു, എരുമ, എന്നിവയുടെ പ്രജനനത്തിനും  വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനും സർക്കാർ നിർദ്ദേശാനുസൃതമായി കൃത്രിമ ബീജദാന സൗകര്യം ലഭ്യമാക്കുക.
6. മൃഗങ്ങൾക്ക് ആവശ്യമായി വരുന്ന ശസ്ത്രക്രിയകൾ കാര്യക്ഷമമായി ചെയ്തു കൊടുക്കുക.
7. ഓരോ ഷിഫ്റ്റിലും ഡ്യൂട്ടിയിൽ ഉള്ള ഡോക്ടർമാരുടെ പെരുവിവരം പ്രദർശിപ്പിക്കുക.
8. ഈ സ്ഥാപനത്തോടനുബന്ധിച്ചുള്ള ക്ലിനിക്കൽ ലബോറട്ടറി കാര്യക്ഷമമായി പ്രവർത്തിക്കുക.  ജില്ലയിലെ മറ്റ് മൃഗചികിത്സ കേന്ദ്രങ്ങളിലും നിന്നും കൊണ്ടുവരുന്ന സാമ്പിളുകൾ പരിശോധിച്ചും നൽകുക.
9. ആവശ്യമായ സമയങ്ങളിലും പ്രദേശങ്ങളിലും ക്യാമ്പ് ഡിസ്പെൻസറികൾ സംഘടിപ്പിക്കുക.
10. കന്നുകാലികളെയും പക്ഷികളെയും ഇൻഷ്വർ ചെയ്യാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുക.
11. ഇൻഷ്വറൻസ് ആനുകൂല്യം കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുക.
12. ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണത്തിനായി മറ്റു സ്ഥാപനങ്ങളും സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുക.
13. മൃഗസംരക്ഷണ മേഖലയിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുക.

14. ജന്തുദ്രോഹ നിയമങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക. ഈ സ്ഥാപനങ്ങളിൽ നിലവിലുള്ള സേവനങ്ങളുടെ സർക്കാർ അംഗീകൃത നിരക്ക്:
കൃത്രിമ ബീജദാനം - രൂപ 25/-
കൃത്രിമ ബീജദാനം (പ്രീമിയം ബുൾ സെമൻ) - രൂപ 500/-
ഓമന മൃഗങ്ങളുടെ ചികിത്സാഫീസ് - രൂപ 25/-

## പരാതി പരിഹാരം

ഈ സ്ഥാപനത്തിന്റെ പ്രവർത്തനം, സേവനം എന്നിവയെ സംബന്ധിച്ച പരാതികൾ ആദ്യം ചീഫ് വെറ്ററിനറി ഓഫീസർക്ക് നൽകേണ്ടതും അതിന്മേൽ പരിഹാരം ഉണ്ടായില്ലെങ്കിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

വിലാസം - ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്ററിനറി കേന്ദ്രം, കാസറഗോഡ്.

## ജില്ലാ വെറ്ററിനറി കേന്ദ്രം ജീവനക്കാർ

1. ചീഫ് വെറ്ററിനറി ഓഫീസർ : 1
2. സീനിയർ വെറ്ററിനറി സർജൻ : 1
3. വെറ്ററിനറി സർജൻ : 2
4. ഫീൽഡ് ഓഫീസർ : 1
5. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ : 1
6. അറ്റന്റർ : 2
7. ലാബ് ടെക്നീഷ്യൻ : 1
8. ഡ്രൈവർ : 1
9. ക്ലാർക്ക കം ടൈപ്പിസ്റ്റ് : 1
10. പാർട്ട് ടൈം സ്വീപ്പർ : 1

## മൃഗാശുപത്രിയിലെ പ്രവർത്തന സമയം

സാധാരണ ദിവസം : രാവിലെ 9 മണി മുതൽ 1 മണിവരെ

ഉച്ചയ്ക്ക് 2 മണി മുതൽ 3 മണിവരെ

ഞായറാഴ്ച് : രാവിലെ 9 മണി മുതൽ 12 മണിവരെ

മറ്റ് അവധി ദിവസം : രാവിലെ 9 മണി മുതൽ 1 മണിവരെ

## കടമ

1. സർക്കാർ തലത്തിലുള്ള പക്ഷിമൃഗാദികളുടെ ചികിത്സ ഏറ്റെടുക്കുക.
2. പക്ഷിമൃഗാതികൾക്ക് രോഗപ്രതിരോധ കത്തിവെപ്പുകൾ സർക്കാർ നിബന്ധനകൾക്ക വിധേയമായി കാര്യക്ഷമമായി നടപ്പിലാക്കുക.

3. പശു, എരുമ എന്നിവയുടെ പ്രജനനത്തിനും വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനും കൃത്രിമ ബീജദാന സൗകര്യം ലഭ്യമാക്കുക.
4. ഈ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ പകർച്ചവ്യാധികൾ പ്രത്യക്ഷപ്പെടുന്ന സമയത്ത് രോഗ പ്രതിരോധ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
5. കന്നുകാലികളെയും പക്ഷികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള സൗകര്യം കർഷകന് ലഭ്യമാക്കുക.
6. ഇൻഷ്വറൻസ് ആനുകൂല്യമായി ബന്ധപ്പെട്ട രേഖകൾ കർഷകന് സമയബന്ധിതമായി ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവെരുത്തുക.
7. ജന്തുജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ മറ്റു സ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടി നടപ്പിലാക്കുക.
8. കന്നുകാലികളെ വന്ധ്യത നിവാരണത്തിനായി വന്ധ്യത നിവാരണ ക്യാമ്പുകൾ, ഗോരക്ഷാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക.
9. മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുക.
10. സ്വയംതൊഴിൽ രംഗത്ത് കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുക.
11. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ മൃഗസംരക്ഷണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക.

## ലഭ്യമാകുന്ന സേവനങ്ങളുടെ നിരക്ക്

കൃത്രിമ ബീജദാനം – രൂപ 25/–

ഓമന മൃഗങ്ങളുടെ ചികിത്സാഫീസ് – രൂപ 25/–

## പരാതി പരിഹാരം

മൃഗാശുപത്രിയുടെ പ്രവർത്തനം സേവനം എന്നിവയുടെ പരാതികൾ ആദ്യം ആശുപത്രിലെ ഡോക്ടർക്ക് നൽകുക. പരിഹാരം ഉണ്ടായിലെങ്കിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് പരാതി കൊടുക്കാവുന്നതാണ്.

## ഊർജ്ജിത കന്നുകാലി വികസന പദ്ധതി – ഉപകേന്ദ്രം

ദൗത്യം

കൃത്രിമ ബീജസങ്കലന പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുക. കന്നുകാലികൾക്ക് പ്രഥമിക ശുശ്രൂഷകൾ നൽകുക.

## ഉപകേന്ദ്രത്തിലെ ജീവനക്കാർ

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ – 1

താൽക്കാലിക ജീവനക്കാർ – 1

## പ്രവർത്തന സമയം

സാധാരണ ദിവസം - രാവിലെ 9 മണി മുതൽ 1 മണി വരെ ഉച്ചയ്ക്ക് 2 മണി മുതൽ 3 മണിവരെ.

അവധി ദിവസം - രാവിലെ 9 മണി മുതൽ 12 മണി വരെ.

മറ്റ് അവധി ദിവസം - രാവിലെ 9 മണി മുതൽ 1 മണി വരെ.

## കടമ

1. പശുകൾക്കും എരുമകൾക്കും കൃത്രിമ ബീജദാന സൗകര്യം ലഭ്യമാക്കുക.
2. ഈ കേന്ദ്രത്തിൽ ലഭ്യമായിട്ടുളള ബീജമാത്രകളുടെ വിശദാംശങ്ങൾ എഴുതി പ്രദർശിപ്പിക്കുക.
3. കൃത്രിമ ബീജസങ്കലനം നടത്തപ്പെട്ട ഉരുകളിൽ മൂന്ന് മാസത്തിന് ശേഷം ഗർഭപരിശോധന നടക്കുക.
4. പ്രജനന പ്രശ്നങ്ങൾ കണ്ടെത്തപ്പെടുന്ന കന്നുകാലികളെ വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്യുക.
5. വകുപ്പിൽ നിന്ന് ലഭ്യമാക്കുന്ന മരുന്നുകൾ കർഷകർക്ക് വിതരണം ചെയ്യുക.
6. പുൽകൃഷി വ്യാപികുന്നതിനുളള നടപടികൾ സ്വീകരിക്കുക.
7. പഞ്ചായത്തുതല മൃഗസംരക്ഷണ പദ്ധതികളുടെ നടത്തിപ്പിൽ വെറ്ററിനറി സർജനെ സഹായിക്കുന്നു.
8. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുക.
9. വകുപ്പിന്റെ വാക്സിനെഷൻ പദ്ധതികൾ നടത്തുക.

## സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ്

കൃത്രിമ ബീജദാനം - രൂപ 25/-

## പരാതി പരിഹാരം

ഈ ഉപകേന്ദ്രത്തിന്റെ പ്രവർത്തനം ഇവിടെ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച പരാതികൾ ഊർജ്ജിത കന്നുകാലി വികസന പദ്ധതി അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർക്ക് നൽകാവുന്നതാണ്.

## വിവരാവകാശ നിയമം 2005

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ - ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്) ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കാസറഗോഡ്.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ - ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്ററിനറി കേന്ദ്രം, കാസറഗോഡ്.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ – അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, റീജനൽ എ.എച്ച് സെന്റർ കാഞ്ഞങ്ങാട്.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ – അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, റീജനൽ എ.എച്ച് സെന്റർ, കാസറഗോഡ്.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ – സീനിയർ വെറ്ററിനറി സർജൻ, ബന്ധപ്പെട്ട വെറ്ററിനറി ഹോസ്പിറ്റലുകൾ.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ – വെറ്ററിനറി സർജൻ, ബന്ധപ്പെട്ട വെറ്ററിനറി ഡിസ്പെൻസറികൾ.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ – ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ , എ.ഡി.സി.പി കാസറഗോഡ്.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ – അസിസ്റ്റൻറ് ഡയറക്ടർ, കന്നുകാലി ഫാം ബദിയടുക്ക.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ – അസിസ്റ്റൻറ് ഡയറക്ടർ, ഹൈടെക് ആട് ഫാം ബേഡഡുക്ക.

അപ്പിൽ അധികാരി, ജില്ലാ മൃഗസംരക്ഷണ ഓഫീസർ, കാസറഗോഡ്.

## ആർ.പി.ചെക്ക് പോസ്റ്റ് & എൽ.ഡി.ചെക്ക് പോസ്റ്റ്

പ്രവർത്തന സമയം – 24 മണിക്കൂർ 3 ഷിഫ്റ്റുകളായി പ്രവർത്തിക്കുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും കടത്തുന്ന മൃഗങ്ങളുടെ നിയന്ത്രണവും പരിശോധനയും.

## ജീവനക്കാർ

ഫീൽഡ് ഓഫീസർ

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ

അറ്റൻഡർ

## ഡിസ്ട്രിക്ട് ഡയഗനോസ്റ്റിക് വെറ്ററിനറി ക്ലിനിക്കൽ ലാബ്

ജില്ലാ തലത്തിലുള്ള രോഗനിർണ്ണയം

പ്രവർത്തന സമയം

രാവിലെ 9 മണി മുതൽ 1 മണി വരെയും, ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ. പൊതു അവധി ദിവസം രാവിലെ 9 മണി മുതൽ 1 മണി വരെയും ഞായറാഴ്ച 9 മണി മുതൽ ഉച്ചയ്ക്ക് 12 വരെയും.

## ABC പദ്ധതി

കാസറഗോഡ് ജില്ലാ  പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ ത്രിതല പഞ്ചായത്ത് മുനിസിപ്പാലിറ്റികളുടെയും സഹകരണത്തോടുകൂടിയാണ് അനുമൽ ബർത്ത് കൺട്രോൾ (ABC) പദ്ധതി നടപ്പിലാക്കുന്നത്. കാസറഗോഡ് മുളിയാർ ഡിസ്പെൻസറിയോട് ചേർന്ന് പുതുതായി 1.5 കോടി രൂപ ചെലവഴിച്ച നിർമ്മിച്ച കെട്ടിടത്തിൽ ABC കേന്ദ്രം പ്രവർത്തിച്ച വരുന്നുണ്ട്.

## ബ്ലോക്ക് തലത്തിൽ കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല  മൃഗചികിത്സാ സേവനം പ്രവർത്തനം

രാത്രി 6 മണി  മുതൽ രാവിലെ 6 മണിവരെ. ( 24 മണിക്കൂർ സേവനം നിലവിലുളള ബ്ലോക്കുകളിൽ രാത്രി 8 മണി മുതൽ രാവിലെ 8 മണിവരെ ).

മൊബൈൽ വെറ്ററിനറി യൂണിറ്റ് ( MVU ) കൾ കാഞ്ഞങ്ങാട്, കാസറഗോഡ്, പരപ്പ, കാറഡുക്ക ബ്ലോക്കുകളിൽ 4 pm മണി മുതൽ രാത്രി 12 മണി വരെ.

### കടമ

ബ്ലോക്കിനകത്ത് എവിടെയായാലും എമർജൻസി വെറ്ററിനറി സേവനം നടത്തുക.

## സേവനം ലഭിക്കുന്നതിന് സമീപിക്കേണ്ട സ്ഥാപനങ്ങൾ

| ക്രമ നമ്പർ | ബ്ലോക്ക് | സേവനം ലഭിക്കുന്നതിന് സമീപിക്കേണ്ട സ്ഥാപനം |
|---|---|---|
| 1 | മഞ്ചേശ്വരം | വെറ്ററിനറി ഹോസ്പിറ്റൽ, മഞ്ചേശ്വരം |
| 2 | കാസറഗോഡ് | ജില്ലാ വെറ്ററിനറി കേന്ദ്രം, കാസറഗോഡ് |
| 3 | കാറഡുക്ക | വെറ്ററിനറി ഡിസ്പെൻസറി, കുറ്റിക്കോൽ |
| 4 | കാഞ്ഞങ്ങാട് | വെറ്ററിനറി ഹോസ്പിറ്റൽ, കാഞ്ഞങ്ങാട് |
| 5 | നീലേശ്വരം | വെറ്ററിനറി ഹോസ്പിറ്റൽ, നീലേശ്വരം |
| 6 | പരപ്പ | വെറ്ററിനറി ഹോസ്പിറ്റൽ, കൊന്നക്കാട് |

## മൊബൈൽ സർജറി യൂണിറ്റ് ( MSU )

പ്രവർത്തന സമയം - രാവിലെ 10 മണി മുതൽ 5 മണി വരെ

സമീപിക്കേണ്ട സ്ഥാപനം - ജില്ലാ വെറ്ററിനറി കേന്ദ്രം, കാസറഗോഡ്.

## ജില്ലയിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | എണ്ണം | സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|---|---|
| 1 | ജില്ലാ മൃഗസംരക്ഷണ ഓഫീസ് | 1 | സിവിൽ സ്റ്റേഷൻ, എ ബ്ലോക്ക് വിദ്യാനഗർ കാസറഗോഡ്. ഫോൺ – 04994 255483 ഇ-മെയിൽ – cruksgd.ahd&kerala.gov.in |
| 2 | ജില്ലാ വെറ്ററിനറി കേന്ദ്രം | 1 | നെൽക്കള, അണങ്കൂർ, കാസറഗോഡ്. ഫോൺ – 04994 224624 ഇ–മെയിൽ –cvokasaragod.ahd@kerala.gov.in |
| 3 | അനിമൽ ബർത്ത് കൺട്രോൾ ( ABC ) | 1 | 8th മൈൽ, മുളിയാർ, ബോവിക്കാനം, കാസറഗോഡ്. |
| 4 | റീജനൽ എ.എച്ച് സെന്റർ | 2 | 1. വെറ്ററിനറി ക്യാമ്പസ് കാഞ്ഞങ്ങാട് ഫോൺ 046721-171987/202325 email : apokanhangad.ahd@kerala.gov.in<br>2. ഡി.വി.സി ക്യാമ്പസ്, ജില്ലാ വെറ്ററിനറി ക്യാമ്പസ്, അണങ്കൂർ, കാസറഗോഡ് ഫോൺ 04994222040/222529 email : apokasaragod.ahd@kerala.gov.in |
| 5 | ഡിസ്ട്രിക്ട് ഡയഗ്നോസ്റ്റിക് വെറ്ററിനറി ക്ലിനിക്കൽ ലാബ് | 1 | വെറ്ററിനറ ക്യാമ്പസ് കാഞ്ഞങ്ങാട് ഫോൺ 04672209535 email : vsddvclkahgd.ahd@kerala.gov.in |
| 6 | ഇന്റർപെസ്റ്റ് ചെക്ക് പോസ്റ്റ് | 1 | ആർ.ടി.ഒ ചെക്ക്പോസ്റ്റ് ഓഫീസിന് സമീപം കുഞ്ചത്തൂർ |
| 7 | ലൈവ്സ്റ്റോക്ക് ഡിസീസ് കൺട്രോൾ ചെക്ക് പോസ്റ്റ് | 1 | ആർ.ടി.ഒ ചെക്ക്പോസ്റ്റ് ഓഫീസിന് സമീപം പെർള |

| | | | |
|---|---|---|---|
| 8 | വെറ്ററിനറി ഹോസ്പിറ്റൽ | 6 | 1. മഞ്ചേശ്വരം, ഫോൺ 04998274985 email : vhmanjeswrm.ahd@kerala.gov.in<br>2. ഉദുമ, ഫോൺ 04672265322 email : vhudma.ahd@kerala.gov.in 3. കൊന്നക്കാട് ഫോൺ 04672223153 email : vhkonnakkad.ahd@kerala.gov.in<br>4. തൃക്കരിപ്പൂർ, ഫോൺ 04672284846 email : vhtrikaripur.ahd@kerala.gov.in<br>5. നീലേശ്വരം, ഫോൺ 04672214229 vhnileshwrm.ahd@kerala.gov.in<br>6. കാഞ്ഞങ്ങാട്, ഫോൺ 04672200335 email : vhkanhangad.ahd@kerala.gov.in |
| 9 | വെറ്ററിനറി ഡിസ്പെൻസറി | 35 | ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ ( വെറ്ററിനറി ഹോസ്പിറ്റലുകളുള്ള പഞ്ചായത്തുകൾ ഒഴികെ, കയ്യൂർ, ചീമേനി പഞ്ചായത്തുകളിൽ രണ്ട് എണ്ണം ) |
| 10 | ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം | 60 | ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ |
| 11 | അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് ജില്ലാ കോ-ഓർഡിനേറ്ററുടെ കാര്യാലയം കാസറഗോഡ് | 1 | റയിൽവേ സ്റ്റേഷൻ റോഡ്, തായലങ്ങാടി, കാസറഗോഡ്, ഫോൺ 04994226450 email : dcadcpkasrgd.ahd@kerala.gov.in |
| 12 | കന്നുകാലി ഫാം ബദിയടുക്ക | 1 | ബേള, ബദിയഡുക്ക email : adcfksgd.ahd@kerala.gov.in |
| 13 | ഹൈടെക് ആട് ഫാം ബേഡഡുക്ക. | 1 | കല്ലാളി, ബേഡഡുക്ക, കാസറഗോഡ് email : apokasaragod.ahd@kerala.gov.in |

# XXIII ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫീസ്

| | | |
|---|---|---|
| മേൽവിലാസം | : | രാംനഗർ, ആനന്ദാശ്രമം (പി.ഒ.)<br>കാസറഗോഡ് – 671531 |
| ഇ മെയിൽ | : | poksd@kkvib.org |
| ഫോൺ നമ്പർ | : | 0467 2200585 |
| പ്രവർത്തന സമയം | : | 10 am - 5 pm |

**നടത്തി വരുന്ന പ്രധാന പ്രവർത്തനം** : ഖാദി ബോർഡ് മുഖാന്തിരം ഗ്രാമീണ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നു. ഖാദി ബോർഡിന്റെ എന്റെ ഗ്രാമം പദ്ധതി മുഖാന്തിരം സംരംഭങ്ങൾ ആരംഭിക്കുന്ന ഗുണഭോക്താക്കൾക്ക് 5 ലക്ഷം വരെയുള്ള പദ്ധതികൾക്ക് ജനറൽ വിഭാഗത്തിന് 25% മറ്റു പിന്നോക്ക വിഭാഗങ്ങൾ, വനിതകൾ എന്നീ വിഭാഗങ്ങൾക്ക് 30%, എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് 40% നിരക്കിൽ സബ്സിഡി നൽകുന്നു. പി.എം.ഇ.ജി.പി.പദ്ധതി മുഖാന്തിരം സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ഗുണഭോക്താക്കൾക്ക് 25 ലക്ഷം വരെയുള്ള പദ്ധതികൾക്ക് ജനറൽ വിഭാഗത്തിന് 25%, മറ്റു പിന്നോക്ക വിഭാഗം വനിതകൾ, എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് 35% നിരക്കിലും സബ്സിഡി നൽകുന്നു.

# XXIV കുടുംബശ്രീ ജില്ലാമിഷൻ ഓഫീസ്

**മേൽ വിലാസം- സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസറഗോഡ്**

**ഇമെയിൽ- spemksd@gmail.com**

**ഫോൺ. 04994 256111**

**പ്രവർത്തന സമയം- 10.15 - 5.15**

**ഓർഗനൈസേഷൻ**

അയൽക്കൂട്ടങ്ങളുടെ ചാലക ശക്തിയായി വർത്തിക്കുന്ന ജില്ലയിലെ സംഘടനാ സംവിധാനത്തിന് കീഴിൽ കുടുംബശ്രീ അംഗങ്ങളെ ഉപയോഗിച്ചു കൊണ്ടുള്ള ശാക്തീകരണ പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഡധ

- ജില്ലയിൽ 6 ബ്ലോക്കുകളിലായി മാതൃകാ സി.ഡി.എസ് പ്രവർത്തനം ആരംഭിച്ചു.
- കുടുംബശ്രീ അംഗങ്ങളുടെ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും , കഴിവുകൾ പ്രകടമാക്കുന്നതിനുമായി സംഘടിപ്പിക്കുന്ന അരങ്ങ് കുടുംബശ്രീ കലാമേളയിൽ 2017 മുതൽ തുടർച്ചയായി സംസ്ഥാന തല ജേതാക്കളായി ജില്ല മാറി.
- 2019 ൽ പ്രളയകാലത്ത് ജില്ലയിലെ ദുരന്ത ബാധിത പ്രദേശങ്ങളിൽ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ഭവന ശുചീകരണവും , ഉൽപന്ന വിതരണവും നടത്തി. വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലായി 9 കമ്മ്യൂണിറ്റി കിച്ചൺ വഴി 1293 പേർക്ക് ഭക്ഷണം തയാറാക്കി വിതരണം ചെയ്തു.
- സംസ്ഥാനത്ത് ആദ്യമായി അയൽക്കൂട്ട ഡിജിറ്റലൈസേഷൻ പദ്ധതി നബാർഡിന്റെ സഹായത്തോടെ ഇ- ശക്തി നടപ്പിലാക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾക്കായി 42 സി.ഡി.എസുകളിൽ നിന്നായി 320 ആനിമേറ്റർമാരെ തിരഞ്ഞെടുത്തു. ഇവർക്ക് ഹോണറേറിയമായി കഴിഞ്ഞ 4 വർഷക്കാലമായി 6.35 കോടി രൂപ ശമ്പളം കൊടുക്കാൻ സാധിച്ചു.

**എം എഫ്**

കുടുംബശ്രീ പ്രവർത്തനത്തിന്റെ നട്ടെല്ലാണ് സൂക്ഷ്മ സമ്പാദ്യ- വായ്പ്പ പ്രവർത്തനങ്ങൾ. ആഴ്ചതോറും ചേരുന്ന അയൽക്കൂട്ട യോഗങ്ങളിൽ ഓരോ അംഗവും യോഗം തീരുമാനപ്രകാരമുള്ള ഒരു നിശ്ചിത തുക സമ്പാദ്യമായി നിക്ഷേപിക്കുന്നു. ഇതിനെ ലഘുസമ്പാദ്യം അഥവാ ത്രിഫ്റ്റ്

എന്നു പറയുന്നു. അയൽക്കൂട്ടം ആരംഭിച്ച് പ്രസ്തുത സമ്പാദ്യത്തിൽ നിന്നും യോഗ തീരുമാനപ്രകാരം അംഗങ്ങൾ വായ്പ എടുക്കുന്നു. ഇതിനെയാണ് ആന്തരിക വായ്പ എന്നു പറയുന്നത്. ആന്തരീക വായ്പയെ കൂടാതെ ആരംഭിച്ച് ആറുമാസം കഴിഞ്ഞാൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ സമ്പാദ്യത്തിന് ആനുപാതികമായി ബാങ്കിൽ നിന്നും ലളിതമായ നടപടിക്രമങ്ങളോടെ യാതൊരു ഈടും ഇല്ലാതെ വായ്പ ലഭിക്കുന്നതാണ്. ബാങ്ക് ലിങ്കേജ് വായ്പ എന്നറിയപ്പെടുന്ന ഇത് അയൽക്കൂട്ടാംഗങ്ങളുടെ ഏതാവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താൻ കഴിയുന്നു. വായ്പ അനുവദിക്കുന്നതിനു മുമ്പ് ബാങ്ക് അയൽക്കൂട്ടത്തിന്റെ പ്രവർത്തനം വിലയിരുത്തി നല്ല രീതിയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടമാണെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ ലിങ്കേജ് വായ്പ അനുവദിക്കുകയുള്ളൂ. ബാങ്കിന്റെ ഈ വിലയിരുത്തലാണ് ഗ്രേഡിംഗ്. ഇപ്രകാരം ബാങ്ക് ലിങ്കേജ് വായ്പ ലഭിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് കുടുംബശ്രീ മിഷനിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി പലിശ സബ്സിഡിയും മാച്ചിംഗ് ഗ്രാന്റും ലഭിക്കുന്നതാണ്. സംസ്ഥാനത്തെ ഏതു ബാങ്കിൽ നിന്നും ലിങ്കേജ് വായ്പ എടുത്താലും പലിശ സബ്സിഡി ലഭിക്കുന്നതാണ്. ബാങ്കുകൾക്ക് അവരുടെ പലിശനിരക്കിൽ തന്നെ അയൽക്കൂട്ടങ്ങൾക്ക് വായ്പ അനുവദിക്കാവുന്നതാണ്. അയൽക്കൂട്ടങ്ങൾ ബാങ്ക് അനുവദിച്ച പലിശനിരക്കിൽ തന്നെ വായ്പ തിരിച്ചടക്കണം. തിരിച്ചടവ് ആരംഭിച്ച് 12 മാസം കഴിഞ്ഞതിനു ശേഷം, അയൽക്കൂട്ടങ്ങൾ ബാങ്കുകളിൽ നിന്നും നിശ്ചിത ഫോർമാറ്റിൽ വായ്പ സ്റ്റേറ്റ്മെന്റുകൾ ശേഖരിച്ച് സി.ഡി.എസ്സ് മുഖേന ജില്ലാമിഷനിൽ സമർപ്പിക്കണം. ജില്ലാമിഷൻ സ്റ്റേറ്റുമെന്റുകൾ പരിശോധിച്ച് അയൽക്കൂട്ടങ്ങൾ വായ്പ കൃത്യമായി തിരിച്ചടക്കുന്നുവെന്ന് ഉറപ്പുവരുത്തി ബാങ്കുകൾ അനുവദിച്ച പലിശനിരക്കിന്റെ 7% കഴിച്ച് ബാക്കിയുള്ള പലിശ തുക അയൽക്കൂട്ടത്തിന്റെ അക്കൗണ്ടിലേക്കു നൽകുന്നു. 1 ലക്ഷം വരെയുള്ള തുകയ്ക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. തിരിച്ചടവിൽ കുടിശ്ശിക വരുത്തുന്ന അയൽക്കൂട്ടങ്ങൾക്ക് പലിശ സബ്സിഡി ലഭ്യമാകുന്നതല്ല. പലിശ സബ്സിഡി കൂടാതെ അർഹമായ അയൽക്കൂട്ടങ്ങൾക്ക് സമ്പാദ്യത്തിന്റെ 10% പരമാവധി 5,000/ രൂപ വരെ മാച്ചിംഗ് ഗ്രാന്റും ലഭിക്കുന്നതാണ്. ഇതിനായി സി.ഡി.എസ്സ് മുഖേന അയൽക്കൂട്ടങ്ങൾ അപേക്ഷ ജില്ലാമിഷനു നൽകേണ്ടതാണ്.

## റിവോൾവിംഗ് ഫണ്ട്

കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായിട്ടുള്ള പാവപ്പെട്ട ജന വിഭാഗങ്ങൾക്ക് അവരുടെ അടിയന്തര ഉപഭോഗ ആവശ്യങ്ങൾ, കുടുംബാംഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ, ബാക്കിയുള്ള കടബാധ്യതകൾ തീർപ്പാക്കൽ തുടങ്ങിയവയ്ക്ക് ആവശ്യമായ പിന്തുണ നൽകുക എന്നത് കുടുംബശ്രീ മിഷന്റെ ലക്ഷ്യങ്ങളിൽപ്പെട്ടതാണ്. ദേശീയ ഉപജീവന മിഷന്റെ ഭാഗമായി കുടുംബശ്രീയ്ക്ക് ലഭ്യമായിട്ടുള്ള റിവോൾവിംഗ് ഫണ്ട് ഒരു പരിധി വരെ അയൽക്കൂട്ട അംഗങ്ങളുടെ ഇത്തരം ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാവും. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് മാത്രമേ ഈ ഫണ്ടിനായുള്ള അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അയൽക്കൂട്ടങ്ങളുടെ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് ഇത് സഹായകരമാകും. ഗ്രാമപ്രദേശ സി.ഡി.എസ്സുകളുടെ അയൽക്കൂട്ടങ്ങൾക്കാണ് ഈ ഫണ്ട് ലഭ്യമാക്കുക. അയൽക്കൂട്ടത്തിൽ കുറഞ്ഞത് 75% അംഗങ്ങൾ എങ്കിലും ബി.പി.എൽ കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം. ആരംഭിച്ച് 3 മാസം കഴിഞ്ഞ അയൽക്കൂട്ടങ്ങൾക്ക് ഫണ്ട് ലഭ്യമാകുന്നതിന് അർഹതയുണ്ടായി

രിക്കും. ആന്തരീക വായ്പ പ്രവർത്തനത്തിലൂടെ കൂടുതൽ തുക വായ്പയ്ക്കായി അയൽക്കൂട്ട അംഗങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി റിവോൾവിംഗ് ഫണ്ട് എന്ന പിന്തുണ സംവിധാനം അയൽക്കൂട്ടങ്ങൾക്ക് നൽകുന്നു. മാനദണ്ഡങ്ങൾക്കനുസരിച്ച് അർഹതപ്പെട്ട ഒരു അയൽക്കൂട്ടത്തിന് 15,000/ രൂപ റിവോൾവിംഗ് ഫണ്ടായി ലഭിക്കുന്നതാണ്.

## കോർപ്പസ് ഫണ്ട്

എസ്.സി-എസ്.ടി വിഭാഗത്തിൽപെട്ട അംഗങ്ങൾ ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങളിലും സ്പെഷ്യൽ അയൽക്കൂട്ടങ്ങളിലും അംഗങ്ങൾ നിക്ഷേപിക്കുന്ന ചെറിയ സമ്പാദ്യം കൊണ്ടു മാത്രം ലഘുസമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും മുന്നോട്ടു കൊണ്ടുപോകുന്നതിനും സാധിക്കാത്തതുകൊണ്ട്, ഒരു റിവോൾവിംഗ് ഫണ്ടായി കോർപ്പസ് ഫണ്ട് എന്ന ശീർഷകത്തിൽ 10,000/ രൂപ നൽകി വരുന്നു.

## സി.ഐ.എഫ് (കമ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്)

മികച്ച രീതിയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ അവയുടെ സമ്പാദ്യം റിവോൾവിംഗ് ഫണ്ടായി ലഭ്യമായ തുക എന്നിവ ഉപയോഗിച്ച് അംഗങ്ങളുടെ അടിയന്തിര ആവശ്യങ്ങൾ ആന്തരീക വായ്പാ പ്രവർത്തനം മുഖേന വളരെ ഭംഗിയായി നിറവേറ്റി വരുന്നു.എന്നാൽ ചെറിയ രീതിയിൽ ഉളള സംരംഭങ്ങൾ ആരംഭിക്കുന്നതിനും മററു സാമൂഹിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനും അയൽക്കൂട്ടങ്ങൾക്ക് കുറച്ചുകൂടി അധികം തുക ആന്തരീക വായ്പയ്ക്കായി ആവശ്യമായി വരും. ഇത്തരം സന്ദർഭങ്ങളിൽ അയൽക്കൂട്ടം അംഗങ്ങൾക്കു വേണ്ടിയാണ് കമ്യൂണിററി ഇൻവെസ്റ്റ്മെന്റ് ഫണ്ട് എന്ന ധന സഹായത്തിന് രൂപം നൽകിയിരിക്കുന്നത്.

## ഫൈനാൻഷ്യൽ ലിറ്ററസി കാമ്പയിൻ

ബാങ്കിംഗ് സേവനങ്ങളും അവയുടെ ഗുണങ്ങളുടെ അവബോധം നൽകുന്നതിനും വേണ്ടി കുടുംബശ്രീ ഒരു പ്രധാന പങ്കു വഹിക്കുന്നു. സർക്കാരിന്റെ ആനുകൂല്യങ്ങളും സഹായങ്ങളും ലഭ്യമാകാത്ത വിഭാഗങ്ങളിലെ സ്ത്രീകൾ ഉൾപ്പെട്ട അയൽക്കൂട്ടങ്ങളെ ബാങ്കുകളുമായി ബന്ധിപ്പിക്കുന്നതിനു വേണ്ടിയാണ് ഫൈനാൻഷ്യൽ ലിറ്ററസി കാമ്പയിനിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഇത് നബാർഡുമായി സഹകരിച്ച് നടപ്പിലാക്കുന്നു. ജില്ലയിൽ 117 ബാങ്കുകൾ മുഖേന 11340 പേർക്ക് 11 കൗൺസിലർമാർ വഴി ക്ലാസ്സുകൾ നൽകുകയുണ്ടായി.

## കുടുംബശ്രീ സ്ത്രീ സുരക്ഷാ ബീമാ യോജന

സ്ത്രീകൾക്ക് സാമൂഹിക സംരക്ഷണം നൽകുന്ന പദ്ധതിയാണ് ഇത്. അയൽക്കൂട്ടങ്ങളിലെ അംഗങ്ങളിൽ സ്വാഭാവികമായോ, അപകടത്തിലൂടെയോ ഉണ്ടാകുന്ന മരണം മൂലം അകാലത്തിൽ പൊലിഞ്ഞുപോകുന്ന സ്ത്രീകളുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുന്നതോടൊപ്പംവൈകല്യം മൂലം അവശത അനുഭവിക്കുന്ന സ്ത്രീകൾക്ക് ചികിത്സ നൽകുന്നതിനുമായി സഹായധനം ഗ്രൂപ്പ് ഇൻഷുറൻസ് വഴി ലൈഫ് ഇൻഷുറൻസ് കോർപറേഷനിൽ നിന്നും ലഭ്യമാക്കുന്നു.

18 വയസ്സിനു മുകളിൽ പ്രായമുളള എല്ലാ കുടുംബശ്രീ അംഗങ്ങളേയും 150 രൂപ പ്രീമിയം വാങ്ങി പരിരക്ഷിക്കുന്ന പോളിസി ആണിത്. ഇവരുടെ 9 മുതൽ 12-ാം ക്ലാസ്സുവരെയുളള കുട്ടികൾക്ക് 1,200 രൂപ സ്കോളർഷിപ്പും നൽകി വരുന്നു. സാധാരണ മരണത്തിന് 50,000 രൂപയും അംഗവൈകല്യത്തിന് 75,000 രൂപ വരെയും അപകട മരണത്തിന് 95,000 രൂപയും സാമ്പത്തിക സഹായം നൽകുന്നു. 14092 പേർക്ക് ഇൻഷുറൻസ് പുതുക്കി നൽകി. രണ്ടാം ഘട്ടത്തിൽ 2781 അംഗങ്ങളെ ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തി. മൂന്നാം ഘട്ടത്തിൽ 4543 അംഗങ്ങളെ ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തി. ഒന്നാം ഘട്ടം സ്കോളർഷിപ്പ് ഇനത്തിൽ ആദ്യഗഡുവായ 600 രൂപ 16,914 കുട്ടികൾക്ക് നൽകി. രണ്ടാം ഗഡു 10,606 കുട്ടികൾക്ക് നൽകിത്തുടങ്ങി. ആർ.എസ്സ്.എസ്സ്.ബി.വൈ ഐ.സി.ഐ.സി ലൊമ്പാർഡ് ലൂടെ 81,049 അംഗങ്ങളെ എൻറോൾ ചെയ്തു. 3,59,921/ രൂപ സി.ഡി.എസ്സുകൾക്ക് പ്രതിഫലം നൽകുകയുണ്ടായി.

## ക്രെഡിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് സ്കീം

മാരകമായ അസുഖങ്ങൾ, അപകടമരണങ്ങൾ, പ്രകൃതിക്ഷോഭം മൂലം വീടിനും സ്വത്തിനും നാശനഷ്ടം എന്നിവയിലൂടെ പ്രയാസപ്പെടുന്ന അയൽക്കൂട്ടാംഗങ്ങളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനു വേണ്ടിയും സാമ്പത്തിക ബാധ്യത മറ്റു അംഗങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നതിലുള്ള പ്രയാസം, ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനും വേണ്ടിയാണ് ഇത്തരം പദ്ധതി ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പാക്കുന്നത്. ഈ സ്കീമിൽ സംഘകൃഷി, സംരംഭക ഗ്രൂപ്പ്, ലിങ്കേജ് വായ്പ എടുത്ത ഗ്രൂപ്പിനെ 56 രൂപ പ്രീമിയം വാങ്ങി അംഗത്വം നൽകുന്നു.അപകടമോ മാരക അസുഖമോ സംഭവിച്ചവർക്ക് 30,000 രൂപയുടെ നഷ്ടപരിഹാരം നൽകുന്നു. 2,000 രൂപ ശവസംസ്കാരചടങ്ങിനും അധികമായി നൽകുന്നു എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. 13948 അംഗങ്ങളെ മൂന്ന് ഘട്ടങ്ങളിലായി രജിസ്റ്റർ ചെയ്ത് സംരക്ഷണം നൽകുന്നു.

സ്ത്രീ ശാക്തീകരണത്തിനും ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി കുടുംബശ്രീ ആരംഭിച്ചപ്പോൾത്തന്നെ കാർഷികമേഖലയിലെ പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിരുന്നു. അയൽക്കൂട്ട വനിതകളെ കാർഷിക മേഖലയിലേക്ക് സജീവമാകുന്നതിനു വിവിധ പദ്ധതികൾ കുടുംബശ്രീ മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി.

ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമാക്കിയുള്ള കുടുംബശ്രീയുടെ പ്രവർത്തന മേഖലയിൽ പ്രധാനപ്പെട്ടതാണ് കുടുംബശ്രീ അയൽക്കൂട്ട വനിതകൾ ചെയ്തുവരുന്ന സംഘകൃഷി. തരിശുഭൂമി ഉപയുക്തമാക്കി കൃഷിയിൽ ആഭിമുഖ്യമുള്ള വനിതകൾക്ക് വരുമാനമുണ്ടാക്കുന്നതിനും പ്രദേശിക തലത്തിൽ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അതിലുപരിയായി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നതാണ് കുടുംബശ്രീയുടെ ബൃഹത്തായ ഈ നവീന കാർഷിക സംരംഭത്തിലൂടെ ലക്ഷ്യമിടുന്നത്.

## ഫാം ലൈവ്ലിഹുഡ്

### പാട്ടകൃഷി (1998–2005)

തരിശുഭൂമി കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പാട്ടകൃഷി ആരംഭിച്ചത്. പ്രദേശിക തലത്തിൽ അയൽക്കൂട്ട വനിതകൾ അവർക്കു ലഭ്യമായ തരിശു കൃഷിയിടങ്ങളിൽ കൃഷി ചെയ്യുന്നു. ഈ ഭൂമി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നത്. ഭക്ഷ്യ വിളകളായ നെല്ല്, പച്ചക്കറികൾ, വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ കൃഷി ചെയ്തു പോന്നു.

### ഹരിതശ്രീ (2005–2010)

കുടുംബശ്രീയിലെ കാർഷികമേഖലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ടാണ് ഹരിതശ്രീ എന്ന പദ്ധതി ആരംഭിച്ചത്. വിവിധ ഡിപ്പാർട്ടുമെന്റുകളേയും , പഞ്ചായത്ത് രണ്ട് സ്ഥാപനങ്ങളുമായി സഹകരിച്ചും മഹിളാ കർഷകർക്ക് വിവിധ തരത്തിലുള്ള പരിശീലനവും, ധനസഹായവും നൽകി. കുടുംബശ്രീ മിഷൻ കാർഷികമേഖലയിലെ പാട്ടകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഇൻസെന്റീവ് നടപ്പിലാക്കി. ചെയ്യുന്ന വിളകളുടെ വിസ്തൃതിയും, ഉൽപ്പാദനവും പരിഗണിച്ച് വിസ്തൃതി ബോണസ്സ്, ഉൽപ്പാദന ബോണസ്സ് എന്നിവ പാട്ടകൃഷി ചെയ്യുന്ന കർഷകർക്ക് ലഭ്യമാ

ക്കി. ഇത് പാട്ടകൃഷിയിലേക്ക് കൂടുതൽ അയൽക്കൂട്ട വനിതകൾ കടന്നു വരുന്നതിനു സഹായകമായി.

### സംഘകൃഷി (2011-2016)

ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക് - (നബാർഡ്) ന്റെ ആശയമായ 'ജെ.എൽ.ജി' (Joint Liability Group) കൂട്ടുത്തരവാദിത്വ സംഘങ്ങൾ എന്ന ആശയം 2011 മുതൽ കുടുംബശ്രീ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. 4 മുതൽ 10 വരെ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ സി.ഡി.എസ്സിൽ രജിസ്റ്റർ ചെയ്യുന്നു. 50 സെന്റ് മുതൽ 5 ഹെക്ടർ വരെ കൃഷി ചെയ്യുന്ന ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് പ്രോത്സാഹന ധനസഹായമായി ഇൻസെന്റീവ് കുടുംബശ്രീ മിഷൻ നൽകി വരുന്നു. ഭക്ഷ്യവിളകളാണ് പ്രധാനമായും കൃഷി ചെയ്തിരുന്നത്. കുടുംബശ്രീ മിഷൻ 1 ലക്ഷം വരെയുള്ള കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി ലഭ്യമാക്കിയിരുന്നു. ആയതിനാൽ ജെ.എൽ.ജി കൾക്ക് പലിശ രഹിത വായ്പ ലഭ്യമാകുന്നു. 2011 ൽ കാസർഗോഡ് ജില്ലാ മിഷൻ 1500 ജെ.എൽ.ജികൾ രൂപീകരിക്കാനുള്ള പ്രൊപ്പോസൽ നബാർഡിനു സമർപ്പിക്കുകയും ,അംഗീകാരം ലഭിക്കുകയും ചെയ്തു. ജെ.എൽ.ജി രൂപീകരണത്തിനായി അയൽക്കൂട്ട തലത്തിൽ ക്യാംപയിൻ സംഘടിപ്പിക്കുകയും , പരിശീലനങ്ങൾ നൽകുകയും ചെയ്തു.

### മാസ്റ്റർ കർഷകർ

കാർഷിക മേഖലയിൽ വൈദഗ്ധ്യമുള്ള ജെ.എൽ.ജി കളിലെ അംഗങ്ങളെ കണ്ടെത്തി പരിശീലനം നൽകി അവരെ മാസ്റ്റർ കർഷകരായി തെരഞ്ഞെടുക്കുന്നു. ഇതിനായി ശില്പശാലകൾ, പരിശീലനങ്ങൾ എന്നിവ സംഘടിപ്പിച്ചു. ഒരു മാസ്റ്റർ കർഷകയ്ക്ക് 4 ജെ.എൽ.ജി കളുടെ ചുമതല നൽകി. വർഷത്തിൽ 2500/ രൂപ ഹോണറേറിയം നൽകി. ജെ.എൽ.ജി കൾക്ക് ആവശ്യമായ പരിശീലനം നൽകുക, കാർഷിക അറിവുകൾ പങ്കുവെയ്ക്കുക, മിനുട്സ് എഴുതു പരിശീലിപ്പിക്കൽ, ബാങ്ക് ലിങ്കേജ് വായ്പ ഗ്രൂപ്പിനു ലഭ്യമാക്കൽ, ഗ്രേഡിംഗ്, രജിസ്ട്രേഷൻ തുടങ്ങിയ ജെ.എൽ.ജി കളെ സജീവമാക്കി നിർത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ മാസ്റ്റർ കർഷകരുടെ ചുമതലയാണ്.

കേരളത്തിലെ സ്ത്രീകളുടെ പൊതു അവസ്ഥ പരിശോധിക്കുമ്പോൾ പെൺ കുഞ്ഞുങ്ങളുടെ എണ്ണത്തിലുള്ള കുറവ്, പെൺഭ്രൂണഹത്യ സാക്ഷര കേരളത്തിലും നടക്കുന്നുണ്ട് എന്ന് സംശയിക്കുന്നു. സ്ത്രീകളിലെ പോഷകാഹാരക്കുറവ്, അർബുദം, പൊണ്ണത്തടി, ഉയർന്ന ജീവിതശൈലീ രോഗങ്ങൾ, തൊഴിൽ പങ്കാളിത്തത്തിലെ കുറവ്, കുറഞ്ഞ സേവന വേതന വ്യവസ്ഥകൾ, സാമൂഹിക, സാമ്പത്തിക, അധികാര പിന്നോക്കാവസ്ഥയിലെല്ലാം സ്ത്രീകളിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നു. വീട്ടിനുള്ളിലും പൊതു ഇടങ്ങളിലും സ്ത്രീകൾക്ക് വിവിധതരം പീഢനങ്ങളും ചൂഷണങ്ങളും അനുദിനം കൂടിവരുന്നു.

ലിംഗനീതിയും, ലിംഗപദവി തുല്യതയും ഇന്നും സമൂഹത്തിൽ നിലവിൽ വന്നിട്ടില്ലാത്ത സാഹചര്യത്തിൽ സ്ത്രീ സൗഹാർദ്ദപരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുക എന്നത് പ്രാധാന്യമർഹിക്കുന്നു. സാമൂഹിക യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാനും പ്രതികരിക്കാനും അവകാശങ്ങൾ നേടിയെടുക്കുവാനും ശേഷിയുള്ള സ്ത്രീ സമൂഹത്തിന്റെ ഉയർച്ചയിലൂടെ മാത്രമേ ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്താനാവൂ. ഈ ദൗത്യമാണ് കുടുംബശ്രീ ജെന്റർ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്.

ജെന്റർ - സ്ത്രീ പദവി സ്വയം പഠനപ്രക്രിയ സ്ത്രീ ശാക്തീകരണപ്രവർത്തനങ്ങൾക്ക് പുത്തൻ ദിശാബോധം നൽകിവരുന്നുണ്ട്. നൂതനമായ ഒരു രീതിശാസ്ത്രമാണ് ഈ പദ്ധതിക്കുള്ളത്. സ്വന്തം അവസ്ഥ സ്വയം തിരിച്ചറിയാൻ ഉതകുന്ന വ്യത്യസ്തമായ പഠന രീതിയിലൂടെ സമത്വത്തിന്റെ പാതയിലേക്ക് ഓരോ അയൽക്കൂട്ട അംഗത്തെയും നയിക്കുക, സ്വന്തം സ്വത്വം തിരിച്ചറിയുക, സമൂഹത്തിൽ സ്ത്രീ എന്ന നിലയിൽ ഉണ്ടാകേണ്ട ന്യായമായ ഇടം നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സ്ത്രീപദവി സ്വയം പഠനപ്രക്രിയയുടെ ഭാഗമായി 'സ്ത്രീയും തൊഴിലും', 'സ്ത്രീയും ആരോഗ്യവും', 'സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും' തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകളും സംവാദങ്ങളും താഴെത്തട്ടിൽ വരെ നടത്തി പഠനപ്രക്രിയ വ്യാപിപ്പിച്ചു. ജില്ലാതലം മുതൽ അയൽക്കൂട്ടതലം വരെയുള്ള അനുഭവജ്ഞാനവും പ്രചോദനവും നൽകുവാൻ കഴിവുള്ള സന്നദ്ധപ്രവർത്തകരായുള്ള റിസോഴ്സ് പേഴ്സൺമാരിലൂടെയാണ് ഈ പഠനപ്രക്രിയ ജില്ലാതലം മുതൽ അയൽക്കൂട്ടതലം വരെ വ്യാപിപ്പിച്ചത്.

അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് വന്ന അനുഭവങ്ങൾ സ്വയം എഴുതി പ്രസിദ്ധീകരിച്ച് പുസ്തകമാക്കിമാറ്റി കാസർഗോഡ് നിന്ന് തിരുവനന്തപുരം വരെ നടത്തിയ സംസ്ഥാനതല പുസ്തകയാത്ര ജെന്റർ പ്രവർത്തനത്തിന്റെ ഒരു വിജയഗാഥയായിരുന്നു. കാസർഗോഡ് ജില്ലാമിഷനു കീഴിലുള്ള 42 സി.ഡി.എസ്സുകളും അവരുടെ അനുഭവങ്ങൾ പുസ്തകമാക്കി പ്രകാശനം ചെയ്തു. അതിൽനിന്നും മികച്ച അനുഭവങ്ങൾ തെരഞ്ഞെടുത്ത് ജില്ലാതല പുസ്തകം 'അനുഭവ കിരണങ്ങൾ' പുറത്തിറക്കി.

## സ്ത്രീ പദവി സ്വയം പഠനപ്രക്രിയ(GSLP)

സാമ്പത്തിക സ്വാശ്രയത്വം, വിഭവവിനിയോഗത്തിനുള്ള അവകാശം, ആസ്തികളുടെ ഉടമസ്ഥത, തീരുമാനിക്കുന്നതിനുള്ള പങ്കാളിത്തവും അവകാശവും തുടങ്ങി സാമൂഹികവും സാമ്പത്തികവുമായ എല്ലാ ഘടകങ്ങളിലും സ്വയം നിർണ്ണയവകാശവും ശേഷിയും ആർജ്ജിക്കുന്നതിന് കേരളത്തിലെ സ്ത്രീസമൂഹത്തെ പ്രചോദിപ്പിക്കുന്നതിനുള്ള കുടുംബശ്രീ ജെന്റർ പ്രോഗ്രാമിന്റെ ഭാഗമായുള്ള സമഗ്രമായ വിദ്യാഭ്യാസ പരിപാടിയാണ് സ്ത്രീ പദവി സ്വയം പഠന പ്രക്രിയ.

## നിർഭയ - ക്രൈം മാപ്പിംഗ്

സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കായി കേരളസർക്കാർ ആഭ്യന്തര വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കുടുംബശ്രീ എന്നിവ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് നിർഭയ. സ്ത്രീകൾക്കും കുട്ടികൾക്കും നിർഭയവും സുരക്ഷിതവുമായ ഒരിടം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്ത്രീകളുടേയും കുട്ടികളുടേയും നേർക്കുള്ള വിവിധ തരം അതിക്രമങ്ങൾ പ്രതിരോധിക്കുവാനും സാമൂഹ്യസുരക്ഷ ഉറപ്പു വരുത്തുവാനും പ്രാരംഭഘട്ടത്തിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 72 പഞ്ചായത്തുകളിലാണ് നിർഭയ ക്രൈം മാപ്പിംഗ് നടന്നത്. കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക, കിനാനൂർ കരിന്തളം, കയ്യൂർ ചീമേനി, വലിയ പറമ്പ, പിലി

ക്കോട് എന്നീ പഞ്ചായത്തുകളിലാണ് ക്രൈം മാപ്പിംഗ് പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഇതിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള വിവിധ അതിക്രമങ്ങൾ, അവയുടെ സ്വഭാവം, അതിക്രമം നടന്ന സ്ഥലം, സമയം, പ്രശ്ന ബാധിത പ്രദേശങ്ങൾ എന്നിവ കണ്ടെത്താനും മാപ്പിംഗ് നടത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിനും ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ ശാക്തീകരിക്കുവാനും വിവിധ വകുപ്പുകളുടെ ഏകോപന തുടർപ്രവർത്തനങ്ങളും ഈ പ്രക്രിയയിലൂടെ സാധ്യമാക്കുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി സാമൂഹ്യനീതി വകുപ്പിന്റെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ നടത്തിയ ക്രൈംമാപ്പിങ്ങ് പ്രവർത്തനങ്ങളുടെ പ്രഥമ റിപ്പോർട്ട് ജില്ലാ ഭരണാധികാരികൾക്ക് സമർപ്പിച്ചു.

ക്രൈം മാപ്പിങ്ങ് റിപ്പോർട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി.ശ്യാമളാദേവി, ജില്ലാ പോലീസ് മേധാവി തോംസൺ ജോസിന് കൈമാറി. വനിതാ സെൽ സർക്കിൾ ഇൻസ്പെക്ടർ ശുഭാവതി, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ വി.വി.സുരേന്ദ്രൻ എന്നിവർ സംസാരിച്ചു. ജില്ലാ സൈബർസെൽ ഓഫീസർ പി.ആർ.ശ്രീനാഥ് ക്ലാസ്സെടുത്തു. ജില്ലയിൽ ക്രൈം മാപ്പിംഗ് തുടർ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ സംയോജിപ്പിച്ച് നടന്നു വരുന്നു. 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കിടയിലെ ക്രൈം മാപ്പിങ്ങ് പ്രവർത്തനവും ജില്ലാ കുടുംബശ്രീമിഷൻ ഏറ്റെടുത്തിട്ടുണ്ട്.

എൻഡോസൾഫാൻ കീടനാശിനി 1976–2000 കാലഘട്ടങ്ങളിൽ കാസർഗോഡ് വർഷിച്ചപ്പോൾ ജില്ലയിൽ പെയ്തൊഴുകിയതു ഒരുപാടു ദുരന്തജീവിതങ്ങളും തോരാത്ത കണ്ണുനീരും. അമ്മയുടെ ഗർഭപാത്രത്തിലെ ഭ്രൂണത്തിനെപ്പോലും ബാധിച്ചിരുന്ന ഈ വിഷനാശിനി ജനിച്ചു വീഴുന്ന കുഞ്ഞുങ്ങളെ വൈകല്യമുള്ളവരും മാനസിക പ്രശ്നങ്ങളും ഉള്ളവരാക്കി. സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് കഴിയുന്ന ഇത്തരം കുടുംബങ്ങൾ നാലു ചുമരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ടു. കുഞ്ഞുങ്ങളുടെ ഭാവി, രക്ഷിതാക്കൾക്കു ഒരു പേടി സ്വപ്നമായി മാറിയിരുന്ന കാലഘട്ടമുണ്ടായിരുന്നു.

സ്ത്രീകളിലൂടെ കുടുംബങ്ങളിലേക്കും കുടുംബങ്ങളിലൂടെ സമൂഹത്തിലേക്കും എന്ന നിർവചനത്തിലൂടെ കുടുംബശ്രീ മിഷൻ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു ബഡ്സ് സ്കൂൾ. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും അവരുടെ അമ്മമാർക്കും സഹതാപം അല്ല വേണ്ടത് പകരം ഒരു കൈത്താങ്ങ് ആണെന്നു തിരിച്ചറിഞ്ഞ കുടുംബശ്രീ മിഷൻ ജില്ലയിൽ 7 ബഡ്സ് സ്കൂളുകളും 2 ബി.ആർ.സി യും അതിലേക്കായി മികച്ച പരിശീലനം പൂർത്തിയാക്കിയ അധ്യാപകരേയും നിയമിച്ചു. ഈ പദ്ധതിയിലൂടെ വിദ്യാഭ്യാസം ഉൾപ്പെടെ എല്ലാ മേഖലയിലും കഴിവു തെളിയിച്ചു സമൂഹത്തിൽ സാധാരണക്കാരായ കുട്ടികളെപ്പോലെ ഉൻമേഷമുള്ളവരാക്കുക ,സ്വയം തൊഴിലിനു പ്രാപ്തരാക്കുക എന്ന ലക്ഷ്യവും ഉണ്ട്. ഇങ്ങനെയുള്ള കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞു അതിനെ പ്രോൽസാഹിപ്പിക്കാൻ കഴിവും പ്രാപ്തരുമായ അധ്യാപകരെ പ്രത്യേക പരിശീലനം കൊടുത്തു രൂപപ്പെടുത്തിയെടുത്തു. കൈകാലുകൾ ചലിപ്പിക്കാനാകാത്ത കുട്ടികളെ പ്രത്യേക പരിഗണന കൊടുത്തും അവരിലുള്ള കഴിവുകൾ വാർത്തെടുക്കാനും ഇവരുടെ ഗുരുക്കൻമാർ അവരെ സഹായിച്ചു. അതിലൂടെ അവരുടെ കുടുംബത്തിനും സമൂഹത്തിൽ തനിച്ചല്ല എന്ന തോന്നൽ ഇല്ലാതായിരിക്കുന്നു.

## കമ്മ്യൂണിറ്റി കൗൺസിലിംഗ് പ്രോഗ്രാം

സംസ്ഥാന, ജില്ലാതല പരിശീലനം നേടിയ 16 കമ്മ്യൂണിറ്റി കൗൺസിലേഴ്സ് ജില്ലയിലെ സി.ഡി.എസുകളിൽ പ്രവർത്തിക്കുന്നുണ്ട്. ബോധവൽക്കരണ ക്ലാസ്സുകൾ, ഫാമിലി കൗൺസിലിംഗ്, കുട്ടികൾക്കും കൗമാരക്കാർക്കുമുള്ള കൗൺസിലിംഗ്, വൈവാഹിക കൗൺസിലിംഗ്, ജെന്റർ കോർണർ വഴിയുള്ള പ്രശ്ന പരിഹാരം മുതലായ സേവനങ്ങൾ നൽകിവരുന്നു.

രാജ്യത്തിന്റെ വിലയേറിയ സമ്പത്ത് എന്ന നിലയിൽ കുട്ടികളെ രൂപപ്പെടുത്തുന്നതിനും അവകാശങ്ങളെ കുറിച്ചും കടമകളെ കുറിച്ചും ബോധ്യമുള്ള ഉത്തമ പൗരൻമാരായി അവരെ വളർത്തിയെടുക്കുന്നതിനും കുടുംബശ്രീ സദാ പ്രതിജ്ഞാബദ്ധമാണ്. ഇതു പ്രാവർത്തികമാക്കുന്നതിനായി കുട്ടികളുടെ സമഗ്രവികാസം ലക്ഷ്യമിട്ട് കുടുംബശ്രീ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തന പരിപാടിയാണ് ബാലസഭ.

സ്വയം മനസ്സിലാക്കാനും സ്വന്തം വ്യക്തിത്വം പ്രകടിപ്പിക്കുവാനും സംഘടിത പ്രവർത്തനങ്ങളിലൂടെ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തുവാനുള്ള ഒരു വേദികൂടിയാണ് ബാലസഭ. മതനിരപേക്ഷത, ലിംഗസമത്വം, തുല്ല്യ അവകാശങ്ങൾ എന്നിവയെപ്പറ്റിയും കുട്ടികൾ ബാലസഭയിലൂടെ മനസ്സിലാക്കുന്നു.

ആധുനിക ജീവിതസാഹചര്യത്തിൽ കുട്ടികൾക്ക് കുട്ടികളായി വളർന്നുവരാനുള്ള സാഹചര്യങ്ങൾ ദുർലഭമായിക്കൊണ്ടിരിയ്ക്കുന്നു. മുതിർന്നവരുടെ ഒപ്പമോ അല്ലെങ്കിൽ അവരുടെ വിനോദോപാധികളിലോ, കുട്ടികളും ഭാഗഭാക്കാകുന്നത് സ്വാഭാവികമായ അവരുടെ വളർച്ചയെ ഇല്ലാതാക്കുന്നുണ്ട്. മുതിർന്നവർക്ക് പ്രാദേശികതലങ്ങളിൽ പഞ്ചായത്ത്/ നഗരസഭാ ഭരണസംവിധാനത്തിൽ നേരിട്ട് പങ്കെടുക്കാൻ അവസരങ്ങൾ ധാരാളമുണ്ട്. പക്ഷെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന വേദികൾ ചുരുക്കമാണ്. ബാലസഭാ പരിപാടിയിലൂടെ കുട്ടികളുടെ ശക്തമായ ഒരു പൊതുവേദി പ്രാദേശിക തലത്തിൽ തുറന്നിട്ടിരിക്കുന്നു. സ്വതന്ത്രമായ അഴിച്ചുവിടലല്ല, മറിച്ച് വ്യത്യസ്തമായ അവസരങ്ങളും അനുഭവങ്ങളും പ്രദാനം ചെയ്തുകൊണ്ട് മാനസികവും ശാരീരികവുമായ ശക്തിദൗർബല്യങ്ങളെ തിരിച്ചറിയുവാനും, സംസ്ഥാന തലത്തിൽ തന്നെ ഒരു ഏകോപനസംവിധാനം രൂപീകരിക്കുകവഴി ബാലികാബാലന്മാരുടെ വികാസ പരിണാമങ്ങളിൽ ഒരു ചാലകശക്തിയായി മാറുകയുമാണ് ഈ കൂട്ടായ്മയുടെ പരമമായലക്ഷ്യം. സാമൂഹ്യപ്രതിബദ്ധതയുള്ള കുട്ടികളുടെ പ്രാദേശിക കൂട്ടായ്മയായും നവഭാരത നിർമ്മാണത്തിൽ യുവനേതൃത്വങ്ങളെ വാർത്തെടുക്കുന്ന കളരിയുമാണ് ഈ കൂട്ടായ്മ. ഇത് കുട്ടികളുടെ അവകാശവും മുതിർന്നവരുടെ കടമയുമാണ്.

ബാലസഭാ സംഘടനാസംവിധാനത്തിലൂടെ പ്രാദേശികതലത്തിലെ കുട്ടികളെ ഒരു കുടക്കീഴിൽ കൊണ്ടുവരികയും അതുവഴി ബാലപാർലമെന്റ്, ബാല അദാലത്ത്, ബാലഗ്രാമസഭ, ദിനാചരണ പരിപാടികൾ, പഠന ശില്പശാലകൾ, പഠനയാത്ര, കലാകായിക പ്രവർത്തനങ്ങൾ, സംവാദങ്ങൾ, ജില്ലാ-സംസ്ഥാനതല സംഗമങ്ങൾ, സാമൂഹ്യ ഇടപെടലുകൾ തുടങ്ങിയ ക്രിയാത്മക പരിപാടികളിലൂടെ, പ്രാദേശികതലം മുതൽ സംസ്ഥാനതലംവരെ കുട്ടികൾക്ക് അവസരങ്ങൾ ഒരുങ്ങുന്നു. ഇത് കുട്ടികളുടെ സാമൂഹ്യ വികാസത്തിനും നമ്മുടെ സാമൂഹിക കൂട്ടായ്മയ്ക്കും കാരണമാവുകയും സമൂഹ വികസനത്തിന് വഴിതെളിക്കുകയും ചെയ്യും.

## കുടുംബശ്രീ ബാലസംഗമം

കുടുംബശ്രീ ബാലസഭാ പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ കൂടുതൽ വിപുലീകരിക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ബാലസംഗമം എന്ന പേരിൽ കുട്ടികളുടെ കൂട്ടായ്മ സംഘടിപ്പിച്ചു. കുട്ടികൾക്ക് ജനാധിപത്യ പ്രക്രിയയെകുറിച്ചും തദ്ദേശ സ്വയംഭരണ സംവിധാനങ്ങളെ കുറിച്ചും വ്യക്തമായ അറിവു നൽകുക, തങ്ങളുടെ അവകാശങ്ങളെ കുറിച്ചും കർത്തവ്യങ്ങളെ കുറിച്ചും അവബോധമുണ്ടാകുന്നതിന് ആവശ്യമായ സഹായം നൽകുക, പ്രാദേശികതലത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നതിന് കുട്ടികൾക്ക് അവസരം നൽകുക, ഗ്രാമീണ മേഖലയിലുള്ള കുട്ടികൾക്ക് നേതൃത്വ പരിശീലനം നൽകുക, കുട്ടികൾ അഭിമുഖീകരിക്കുന്നപ്രശ്നങ്ങൾക്ക് ഉചിതമായപരിഹാരം കാണുന്നതിന് അവരെ പ്രാപ്തരാക്കുക, കുട്ടികളുടെ ഉന്നമനത്തിനു വേണ്ടിയുള്ള പദ്ധതികൾക്കായി പ്രാദേശിക സംസ്ഥാന- കേന്ദ്രസർക്കാർ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച നടത്തുന്നതിനുള്ള അവസരം ഉണ്ടാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാനമൊട്ടാകെ ബാലസംഗമം സംഘടിപ്പിച്ചത്. വിജ്ഞാനദായക പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനോടൊപ്പം തങ്ങളിൽ സ്നേഹവും സാഹോദര്യവും വളർത്തുന്നതിനുള്ള അവസരവും കുടുംബശ്രീ ബാലസഭാംഗങ്ങൾക്ക് ഈ കൂട്ടായ്മയിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു.

സമൂഹത്തിൽ ദാരിദ്ര്യം അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് വേണ്ടി ഒട്ടേറെ പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ പലപ്പോഴും താഴെത്തട്ടിലേക്ക് കൃത്യമായി എത്തിച്ചേരാറില്ല. ദാരിദ്ര്യം അതനുഭവിക്കുന്നവന്റെ മാത്രം കുറ്റമല്ലാത്തതുകൊണ്ട് തന്നെ അത് പരിഹരിക്കേണ്ടത് പൊതു സമൂഹത്തിന്റെ കൂടി ഉത്തരവാദിത്തമാണ്. സർക്കാർ രൂപം നൽകുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടു കൂടി നടപ്പിലാക്കാൻ കഴിയണം. ഇത്തരം പ്രവർത്തനങ്ങൾ നടത്തുമ്പോഴും അവകാശങ്ങൾ നേടിയെടുക്കാനോ സ്വന്തം കാര്യങ്ങൾ പോലും ചെയ്യാനോ സാധിക്കാതെ ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒരു പറ്റം ആൾക്കാർ നമ്മുടെ സമൂഹത്തിലുണ്ട്. അത്തരം ആൾക്കാരെ സംരക്ഷിക്കുക എന്നുള്ളത് കൂടി ഈ സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. ഇവിടെയാണ് ആശ്രയ പദ്ധതിയുടെ പ്രസക്തി.

എല്ലാ വിധത്തിലുമുള്ള ഇല്ലായ്മകളും, അടിസ്ഥാന ആവശ്യങ്ങളും, സൗകര്യങ്ങളും, അവകാശങ്ങളും നിഷേധിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനു വേണ്ടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയിലൂടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന അഗതി പുനരധിവാസ പദ്ധതിയാണ് ആശ്രയ.

ദാരിദ്ര്യ ലഘൂകരണം ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന കുടുംബശ്രീക്ക് അത് സാധ്യമാക്കുന്ന പ്രധാന ഉപാധിയാണ് മൈക്രോ സംരംഭങ്ങൾ. വിവിധങ്ങളായ ഉൽപ്പന്നങ്ങൾ, സേവനങ്ങൾ തുടങ്ങിയവ മിതമായ നിരക്കിൽ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിൽ ഉള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാൻ കുടുംബശ്രീയിലൂടെ കഴിഞ്ഞിട്ടുണ്ട്. 2002 മുതൽ പ്രാദേശിക വികസനത്തിന് ഉതകുന്ന നൂതനങ്ങളായ സംരംഭങ്ങൾ ഉൾപ്പെടെ നിരവധി സംരംഭങ്ങൾ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ഒട്ടനവധി പിന്തുണാ സഹായങ്ങൾ ഇതിനായി നൽകുന്നു. റൂറൽ മൈക്രോ സംരംഭം (ആർ.എം.ഇ.), യുവശ്രീ, സമഗ്ര തുടങ്ങിയ പദ്ധതികളിലൂടെയാണ് ഇതിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കിയത്. ഇക്കാര്യത്തിൽ ധനകാര്യ സ്ഥാപനങ്ങളുടെ പിന്തുണ എടുത്തു പറയേണ്ടതാണ്. വിവിധങ്ങളായ പരിശീലനങ്ങൾക്കു പുറമേ സബ്സിഡി, റിവോൾവിംഗ്ഫണ്ട്, വിവിധ ഘട്ടങ്ങളിലാവശ്യമായ മറ്റ് സാമ്പത്തിക സഹായങ്ങൾ തുടങ്ങിയവയും കുടുംബശ്രീയിലൂടെ നൽകുന്നു. സാധാരണ കുടുംബ

ങ്ങൾക്ക് സാമ്പത്തിക വർദ്ധനവിന് സഹായകമാകുന്ന ഈ പദ്ധതി വേണ്ടത്ര ഫലപ്രദമാക്കാൻ ആവശ്യമായ ഇടപെടലുകൾ ഇനിയും ഉണ്ടാവേണ്ടതുണ്ട്.

2015-16 സാമ്പത്തിക വർഷത്തിൽ മൈക്രോസംരംഭ വികസന രംഗത്ത് മികവാർന്ന പ്രവർത്തനങ്ങൾ നടത്തുവാൻ ജില്ലാ മിഷന് കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ തന്നെ അയൽക്കൂട്ട ലിങ്കേജ് വായ്പ, ആഭ്യന്തര വായ്പ എന്നിവ ഉപയോഗിച്ചും അയൽക്കൂട്ട അംഗങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്.

## സൂക്ഷ്മ സംരംഭങ്ങൾക്കുള്ള കുടുംബശ്രീയുടെ വിവിധ ധന സഹായങ്ങൾ

### എ) ടെക്നോളജി ഫണ്ട്

വിജയകരമായി പ്രവർത്തിച്ചു വരുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക്/സംരംഭക കൂട്ടായ്മ കൾക്ക് അവരുടെ പ്രവർത്തനം ഗുണപരമായും അളവുപരമായും മെച്ചപ്പെടുത്തുന്നതിന് ഉപയുക്തമാക്കുന്ന ആധുനിക സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും അനുബന്ധ ഉപ കരണങ്ങളും സ്വായത്തമാക്കുന്നതിനുള്ള അധിക ധന സഹായമാണ് ടെക്നോളജി ഫണ്ട്.

### ബി) ഇന്നവേഷൻ ഫണ്ട്

നൂതന ആശയങ്ങൾ അടിസ്ഥാനമാക്കിയിട്ടുള്ള സംരംഭങ്ങൾക്ക് നൽകുന്ന പ്രത്യേക ധന സഹായം. ആകെ പ്രൊജക്ട് തുകയുടെ 40% (ഒരു കുടുംബത്തിന് 2500/രൂപ, ആകെ 2,50,000/ രൂപ എന്നീ പരിധികൾക്ക് വിധേയമായി) ഇന്നവേഷൻ ഫണ്ട് അനുവദിക്കുന്നു.

### സി) മൈക്രോ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ആരംഭിക്കുന്ന മൈക്രോ സംരംഭങ്ങൾക്ക് ബാങ്ക് വായ്പയ്ക്കും സബ്സിഡിക്കും പുറമേ കാര്യക്ഷമമായി പ്രവർത്തിക്കുന്ന യൂണിറ്റു കൾക്ക് പ്രവർത്തന മൂലധനത്തിന്റെ കുറവ് അനുഭവപ്പെടാതിരിക്കാനായി പ്രൊജക്ട് അട ങ്കലിന്റെ 15% പരമാവധി 35,000/രൂപഎന്ന നിരക്കിൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കു ന്നു.

### ഡി) ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്

സംരംഭ മേഖലയിൽ അനുഭവപ്പെടുന്ന തടസ്സങ്ങളും പ്രശ്നങ്ങളും അതിജീ വിക്കുന്നതിനുള്ള അടിയന്തിര സഹായം എത്തിക്കുന്നതിനുള്ള ഫണ്ടാണിത്. സൂക്ഷ്മ സംരംഭകരെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കര കയറുന്നതിനു വേണ്ടി പലിശ ര ഹിത ഹ്രസ്വകാല വായ്പ പ്രയോജനം ചെയ്യുകയെന്നതാണ് ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിലൂടെ പൊതുവിൽ ലക്ഷ്യമിടുന്നത്.

## പട്ടിക ജാതി പട്ടിക വർഗ്ഗ മേഖല

പൊതു രംഗങ്ങളിൽ നിന്നും അപ്രസക്തമായൊരു മേഖലയായിരുന്നു ഒരു ഘട്ടത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ മേഖല. കോളനി കേന്ദ്രീകരിച്ച് കൊണ്ട് ജീവിതം നയിച്ചിരുന്ന ഇവർ പൊതു ജീവി തത്തെക്കാൾ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ആണ് പ്രാമുഖ്യം നൽകിയിരുന്നത്. കൂടുതൽ

പേരും നിരക്ഷരരായിരുന്നു. സ്ത്രീകളും പുരുഷൻമാരെ പോലെ തൊഴിലിൽ ഏർപ്പെട്ടിരുന്നുവെങ്കിലും സമ്പാദ്യ ശീലം ഉണ്ടായിരുന്നില്ല. കുടുംബശ്രീ അംഗത്വം ആദ്യഘട്ടത്തിൽ തീരെ താൽപര്യം ഇല്ലായിരുന്നു. ഈ വിഭാഗത്തിൽ നിന്നും എണ്ണത്തിൽ വളരെ കുറഞ്ഞ ആളുകൾ മാത്രമേ അയൽകൂട്ടത്തിൽ അംഗത്വം നേടിയിരുന്നുള്ളൂ. നേതൃത്വ നിരയിലേക്ക് വരാൻ പോലും ആളുകൾ ഉണ്ടായിരുന്നില്ല.

- സ്ത്രീകൾ നിരക്ഷരരായിരുന്നു.
- മദ്യത്തിന് അടിമകളായിരുന്ന ഭൂരിപക്ഷം ആളുകളും
- അവരുടേതായ ഭക്ഷണ രീതി, ആചാര രീതി വസ്ത്ര ധാരണ രീതി
- പൊതുസമൂഹത്തിൽ ഇറങ്ങാനോ മറ്റുള്ളവരോട് ഇടപഴകാനോ പോകുമായിരുന്നില്ല.
- ആധുനിക ചികിൽസ രീതിയെക്കാൾ മാനവിക മന്ത്രവാദത്തിനെയും ആചാരാനുഷ്ഠാനങ്ങളെയും ആയിരുന്നു.
- പ്രസവങ്ങൾ മിക്കവതും വീടുകളിൽ അത് സ്ത്രീകളെ നിത്യ രോഗികളാക്കുകയോ മരണത്തിന് കാരണമാക്കി മാററുകയോ ചെയ്യുന്നു.

# XXV ജില്ലാ വനിത ശിശു വികസന ഓഫീസ്, കാസറഗോഡ്

നടപ്പിലാക്കുന്ന പദ്ധതികൾ :

1. അഭയകിരണം പദ്ധതി

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന 'അഭയകിരണം' പദ്ധതി. സ്വന്തമായി താമസിക്കുന്നതിന് ചുറ്റുപാടില്ലാതെ ബന്ധുക്കളുടെ ആശ്രയത്തിൽ കഴിയുന്ന വിധവകളെ സംരക്ഷിക്കുന്നവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകൾക്ക് അഭയ സ്ഥാനം നൽകുന്ന ബന്ധുവിന് പ്രതിമാസം 1000/- രൂപ അനുവദിക്കുന്നു.

- വിധവൾക്ക് പ്രായപൂർത്തിയായ മക്കൾ ഉണ്ടാവാൻ പാടില്ല
- 50 വയസ്സിന് മുകളിൽ പ്രായമുള്ള വിധവകൾ ആയിരിക്കണം
- ധനസഹായം : പ്രതിമാസം 1000 രൂപ

2. മംഗല്യ പദ്ധതി

സാധുക്കളായ വിധവകള്, നിയമപരമായി വിവാഹ മോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിന് 25,000/- രൂപ ധനസഹായം നൽകുന്ന മംഗല്യ പദ്ധതി

3. സഹായഹസ്തം പദ്ധതി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ സഹായമായി 30,000/- രൂപ അനുവദിക്കുന്ന 'സഹായഹസ്തം' എന്ന പദ്ധതി. ഒരു വർഷം ജില്ലയിൽ 10 പേർക്കാണ് സഹായം അനുവദിക്കുന്നത്.

4. പടവുകൾ പദ്ധതി

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിധവകളുടെ മക്കളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം

- മെറിറ്റ് അടിസ്ഥാനത്തിൽ സർക്കാർ -സർക്കാർ എയിഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം നേടിയവരായിരിക്കണം
- കേന്ദ്ര സംസ്ഥാന സർക്കാർഅംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർ ആയിരിക്കണം
- കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കവിയാണ് പാടില്ല
- ട്യൂഷൻ ഫീസ്,ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവ അനുവദിക്കുന്നു

5. വിദ്യാധനം

വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ധനസഹായമായി ഒന്നാം ക്ലാസ് മുതൽ ബിരുദാനന്തരബിരുദം വരെയുള്ള വിവിധ

ക്ലാസ്സുകളിൽ 3000 രൂപ മുതൽ 10000 രൂപ വരെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു.

- 1 മുതൽ 5– ക്ലാസ് വരെ വർഷം 3000 രൂപ
- 6– ക്ലാസ് മുതൽ 10 – ക്ലാസ് വരെ വർഷം 5000 രൂപ
- +1,+2 പഠിക്കുന്നവർക്ക് വർഷം 7500 രൂപ
- ഡിഗ്രി മുതൽ പഠിക്കുന്നവർക്ക് വർഷം 10000 രൂപ

6. ആശ്വാസനിധി

ലൈംഗിക കുറ്റകൃത്യങ്ങൾ,ആസിഡ് ആക്രമണം പോലുള്ള അതിക്രമങ്ങൾ ഇരയായ സ്ത്രീകൾക്ക് സാമ്പത്തിക പിന്തുണ നൽകുന്ന പദ്ധതിയാണ് ആശ്വാസനിധി.നിയമപരമായ വ്യവസ്ഥകൾക്ക് കീഴിൽ നൽകിയ മറ്റേതെങ്കിലും നഷ്ടപരിഹാരം പരിഗണിക്കാതെ ധനസഹായമായി 25000 മുതൽ 200000 രൂപ വരെ അനുവദിക്കുന്നു.

7. കാതോർത്ത്

സമൂഹത്തിൽ വിവിധതരം പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് ഓൺലൈനായി കൗൺസിലിംഗ്, നിയമ സഹായം,പോലീസ് സഹായം,എന്നിവ ഒരേ കുടക്കീഴിൽ ലഭ്യമാക്കുന്ന പദ്ധതിയാണ് കാതോർത്ത്.സേവനങ്ങൾ ആവശ്യമുള്ളവർക്ക് അവരുടെ താമസ സ്ഥലത്തുനിന്ന് തന്നെ 48 മണിക്കൂറിനുള്ളിൽ ലഭിക്കുന്നു എന്നത് ഈ പദ്ധതിയുടെ സവിശേഷതയാണ്.

വെബ്സൈറ്റ് : Kathorth.wcd.kerala.gov.in

ബന്ധപ്പെടേണ്ട നമ്പർ : 9400088166

8. രക്ഷാദൂത്

ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കാൻ സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് തപാൽ വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് രക്ഷാദൂത്.അതിക്രമം നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വളരെ എളുപ്പത്തിൽ പരാതിപ്പെടാനുള്ള പദ്ധതിയാണിത്. അതിക്രമം നേരിട്ടവർക്ക് അടുത്തുള്ള പോസ്റ്റ് ഓഫീസിൽ എത്തി തപാൽ എന്ന് കോഡ് പറഞ്ഞാൽ പോസ്റ്റ് മാസ്റ്റർ സഹായത്തോടെ മേൽവിലാസവും പിൻകോഡ് സഹിതം പേപ്പറിൽ എഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാം. അല്ലെങ്കിൽ അതിക്രമം അനുഭവിക്കുന്ന സ്ത്രീക്കോ കുട്ടിക്കോ ഇതു ചെയ്യുന്നതിനായി ഒരു വെള്ളപേപ്പറിൽ പൂർണമായ മേൽവിലാസം എഴുതി ലെറ്റർ ബോക്സ് നിക്ഷേപിക്കുമ്പോൾ കവറിനു പുറത്ത് തപാൽ എന്നെഴുതിയാൽ മതി.

9. വൺ സ്റ്റോപ്പ് സെന്റർ

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിക്രമങ്ങൾ തടയുന്നതിനും അതിക്രങ്ങൾ തടയുന്നതിനും അതിക്രമം അതിജീവിച്ചവർക്ക് വൈദ്യസഹായം, നിയമ സഹായം,പോലീസ് സംരക്ഷണം,അടിയന്തിരമായാ താമസ സൗകര്യം, കൗൺസിലിങ് എന്നിവ നൽകി

ആവർത്തിച്ചുള്ള അതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 24 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് സഖി വൺ സ്റ്റോപ്പ് സെന്ററുകൾ

ബന്ധപ്പെടേണ്ട നമ്പർ : 04994255266,9400088573

10. ഡിസ്ട്രിക്ട് സങ്കൽപ്പ് : ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൻ – മിഷൻ ശക്തി (DHEW)

സ്ത്രീകളുടെ സുരക്ഷ, സംരക്ഷണം, ശാക്തീകരണം എന്നിവ ലക്ഷ്യമിട്ടു കൊണ്ടുള്ള കേന്ദ്രാവിഷ്കൃതപദ്ധതി. സാമ്പത്തികമായി പാർശ്വവത്കരിക്കപ്പെട്ടവരോ, ഭിന്നശേഷിക്കാരോ, ദുർബല വിഭാഗക്കാരോ, അതിക്രമങ്ങൾക്ക് ഇരയായവരോ, ദുരിതമനുഭവിക്കുന്നവരോ ആയ സ്ത്രീകൾക്ക് സംരക്ഷണവും, അടിയന്തരവും ദീർഘകാല സേവനങ്ങൾ നൽകുന്നതിനും, പുനരധിവാസത്തിനുള്ള സംവിധാനങ്ങൾ നൽകുന്നതിനും, മറ്റു സർക്കാർ സേവനകളിലേക്കുള്ള പ്രവേശനക്ഷമത മെച്ചപെടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതി.

11. പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY)

18 വയസ് 7 മാസം മുതല് 55 വയസ് വരെ കേന്ദ്ര സംസ്ഥാന, പൊതു മേഖല ജീവനക്കാർ, സമാനമായ മറ്റു പ്രസവാനുകൂല്യം ലഭിക്കുന്നവർ ഒഴികെയുള്ള എല്ലാ ഗർഭിണികളും മുലയൂട്ടുന്ന അമ്മമാർക്കും ആദ്യ പ്രസവത്തിനു രണ്ട് ഗഡുവായി 5000/- രൂപയും രണ്ടാമത്തെ പ്രസവത്തിൽ പെണ് കുട്ടിയാണെങ്കില് 6000/- രൂപയും അനുവദിക്കുന്നു.

12. <u>പൊൻവാക്ക്</u>

നമ്മുടെ സംസ്ഥാനത്ത് ശൈശവ വിവാഹം നടക്കുന്നത് തടയുന്നതിനായി ആരംഭിച്ച പദ്ധതിയാണ് പൊൻവാക്ക്. പൊതുജന പങ്കാളിത്തത്തോടുകൂടി ശൈശവ വിവാഹം പൂർണമായി നിരോധിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ശൈശവ വിവാഹം നടക്കുന്നത് മുൻകൂട്ടി വിവരം നൽകുന്ന വ്യക്തിക്ക് 2500 രൂപ പാരിതോഷികമായി നൽകുന്നു.

ബന്ധപ്പെടേണ്ട നമ്പർ : 04994-2930360

സ്കീമുകൾ അപേക്ഷിക്കേണ്ട വെബ് സൈറ്റ്

www.schemes.wcd.kerala.gov.in

# മഹാത്മാഗാന്ധി
# ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അവിദഗ്ദ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങളുള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക പുരോഗതിയും സാമൂഹ്യ സമത്വവും ഉറപ്പാക്കുക. പ്രാദേശികമായ തൊഴിൽ വരുമാനം എന്നിവ വർദ്ധിപ്പിക്കുക. സ്ത്രീ പുരുഷ അസമത്വം കുറയ്ക്കുക. തുല്യജോലിക്ക് തുല്യവേതനം നഗരങ്ങളിലേക്കുള്ള കുടിയേറ്റം തടയുക. നഗരങ്ങളിൽ മണ്ണ്, ജൈവസമ്പത്ത്, പരിസ്ഥിതി എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി കാർഷികമേഖലയെ ശക്തിപ്പെടുത്തുക. ദരിദ്രജനവിഭാഗങ്ങളുടെ ആവാസ കേന്ദ്രങ്ങളുടെ പാരിസ്ഥിതിക ശോഷണം തടയുക. തൊഴിലെടുക്കുന്നവരിൽ സംഘബോധവും സാമൂഹിക ബോധവും വളർത്തി കൂട്ടായ്മ ഉറപ്പുവരുത്തുക, ഇടത്തട്ടുകാരുടെയും - കരാറുകാരുടെയും ചൂഷണത്തിൽ നിന്ന് തൊഴിലെടുക്കുന്നവരെ സംരക്ഷിക്കുക തുടങ്ങിയവയും തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സ്ഥായിയായ ദാരിദ്ര ലഘൂകരണത്തിനുള്ള ഈ സാദ്ധ്യതകളാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണപദ്ധതിയെ മുൻകാല തൊഴിൽദാന പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

## സവിശേഷതകൾ

സ്ഥായിയായതും ഉല്പാദനപരവുമായ ആസ്തികൾ സൃഷ്ടിക്കൽ. മിനിമം കൂലി ഉറപ്പുനൽകുന്നു. വേതനം ബേങ്ക് അകൗണ്ട് മുഖേന മാത്രം. പ്രവർത്തിയുടെ ആകെച്ചെലവിൽ വേതനഘടകം 60% ത്തിൽ കവിയാൻ പാടില്ല. സാധന സാമഗ്രികളും വിദഗ്ദ അർദ്ധ വിദഗ്ദ തൊഴിലാളികളുടെ കൂലിയും അടക്കം 40%ത്തിൽ അധികരിക്കാൻ പാടില്ല. കരാറുകാർ പാടില്ല. യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള നിയന്ത്രണം. പദ്ധതി ആസൂത്രണത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് മുഖ്യ പങ്ക്. നിർവ്വഹണം പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾ മുഖേന. യഥാസമയം കൂലി ലഭ്യമാക്കുന്നതിനായി ഇ.എഫ്.എം.എസ് സംവിധാനം. സോഷ്യൽ ഓഡിറ്റ് പദ്ധതി നിർവ്വഹണവും ഗുണനിലവാരവും പരിശോധിക്കുന്നതിന് ജില്ലാ സംസ്ഥാനതല ക്വാളിറ്റി മോണിട്ടർമാർ.

## വ്യവസ്ഥകളും അവകാശങ്ങളും

അവിദഗ്ധ കായികാധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളവരും ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസക്കാരുമായിരിക്കണം. 18 വയസ് പൂർത്തിയായിരിക്കണം (ഉയർന്ന പ്രായപരിധിയോ, എ.പി.എൽ/ ബി.പി.എൽ വിവേചനമോ ഇല്ല.) ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷന് അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും. കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം. ജോലിക്ക് മുൻകൂറായും അപേക്ഷിക്കാം. അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലെങ്കിൽ നിശ്ചിത നിരക്കിൽ തൊഴിലില്ലായ്മ വേതനം. തൊഴിൽ നൽകിക്കൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം മാസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി കാലതാമസം ഉണ്ടാകുന്ന ഓരോ ദിവസത്തിനും നൽകാത്ത വേതനത്തിന്റെ 0.5% നിരക്കിൽ നഷ്ടപരിഹാരം. വനാവകാശ നിയമപ്രകാരം ഭൂമി ലഭിച്ചവർക്ക് 150 ദിവസത്തെ തൊഴിൽ കുടുംബത്തിന് പരമാവധി 100 ദിവസം തൊഴിൽ 5 കിലോമീറ്ററിനുള്ളിൽ ജോലി അല്ലെങ്കിൽ 10% അധികം കൂലി, കുടിക്കാനുള്ള വെള്ളം, വിശ്രമ സൗകര്യം, പ്രഥമ ശുശ്രൂഷ സൗകര്യം, എന്നിവ പണിയിടങ്ങളിൽ ഉണ്ടായിരിക്കണം. പരിക്ക് പറ്റിയാൽ സൗജന്യ ചികിത്സ അപകട മരണം സ്ഥിര അംഗവൈകല്യത്തിന് നഷ്ടപരിഹാരം തൊഴിലാളികളുടെ 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിപാലന സൗകര്യം (കുറഞ്ഞത് 5 പേർ) കുട്ടിക്ക് തൊഴിൽ സ്ഥലത്തുവെച്ച് അപകടം പറ്റിയാൽ സൗജന്യ ചികിത്സ. അപകടമരണത്തിന് എക്സ്ഗ്രേഷ്യാ.

## ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ മുൻഗണനാക്രമം

**പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ** 1. ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകമായ നിർമ്മിതികൾ 2. നീർത്തട പരിപാലന പ്രവൃത്തികൾ. 3. സൂക്ഷ്മ - ചെറുകിട ജലസേചന പ്രവൃത്തികൾ പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം. 5 മരം വച്ച് പിടിപ്പിക്കലും വനവത്കരണവും. 6. പൊതുഭൂമിയിലെ വികസന പ്രവൃത്തികൾ.

**സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ** 1. ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ. 2 പഴകൃഷി, പട്ടുനൂൽ കൃഷി, തോട്ടവിളകൃഷി, ഫാം ഫോറസ്ട്രി എന്നിവയിലൂടെ ഉപജീവനം മെച്ചപ്പെടുത്തൽ. 3. തരിശ് ഭൂമി / പാഴ്ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ. 4. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഏറ്റെടുക്കുന്ന ഭവന നിർമാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം. 5. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ. 6 മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പ്രവൃത്തികൾ .

**സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ** 1. കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ . 2. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം.

**ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ** 1. ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ. 2. ഗ്രാമീണ റോഡുകളുടെ നിർമ്മാണം. 3. കളിസ്ഥലങ്ങളുടെ നിർമ്മാണം. 4. പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ 5. അങ്കണവാടി കേന്ദ്രങ്ങൾ , ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണം . 6. ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണം. 7. MGNREGS പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം & MGNREGS പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ 9. സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവർത്തിയും തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക '9' ലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള പ്രദേശത്തിന്റെ സാധ്യത പ്രദേശത്തിന്റെ ആവശ്യകത, പ്രാദേശിക വിഭവങ്ങളുടെ ലഭ്യത എന്നിവയ്ക്കനുസൃതമായി ഗ്രാമസഭ തീരുമാനിക്കുന്ന മുൻഗണനാ ക്രമമനുസരിച്ചാരിക്കണം പ്രവൃത്തി നിശ്ചയിക്കേണ്ടത്. പ്രകടമല്ലാത്തതും അളന്നുതിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവർത്തികളായ പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.